VOL NO: 03 | ISSUE 22

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JUNE 01 | ₹12

### പശ്ചാത്താപത്തിലൂടെ മനസ്സിനെ സംശുദ്ധമാക്കുക

ആത്മാവിനെ സംസ്കരിക്കുന്ന പ്രവർത്തനമാണ് പശ്ചാത്താപം എന്നത്. തെറ്റുകൾ സംഭവിക്കൽ മനുഷ്യസഹജമാണ്. തിന്മകൾ ചെയ്തുപോയാൽ ഉടനെ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് പാപമോചനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർഥ വിശ്വാസിയുടെ ഗുണമായി അല്ലാഹു എടുത്തു പറഞ്ഞിട്ടുള്ളത്.



## ക്വുർആനിന്റെ വെളിച്ചവും വിശ്വാസിയുടെ ജീവിതവും

ലോകത്തിന് മുഴുവൻ മാർഗദർശനമായി അവതരിച്ച അവസാന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മാനവ സമൂഹത്തിന് വഴിയും വെളിച്ചവുമായി ഇറക്കപ്പെട്ട ക്വുർആനിനെ പിൻപറ്റിയവർക്കാർക്കും ഇരുളിൽ തപ്പേണ്ടിവന്നിട്ടില്ല. ക്വുർആനിനെ എതിർക്കാൻ പുറപ്പെട്ടവർ പോലും ഒടുവിൽ അതിന്റെ പ്രചാരകരായി മാറിയ ചരിത്രമാണുള്ളത്.

|| ലൈലതുൽ ക്വദ്റും ഇഅ്തികാഫും

|| സൈന്യത്തോടുള്ള പ്രവാചകോപദേശങ്ങൾ

|| അറബി ഭാഷയിൽ അൽബുശ്റ മാസികയുടെ സ്വാധീനം

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio


Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0124 / 2019 ജൂൺ 01 / 1440 റമദാൻ 27 / പുസ്തകം 03 / ലക്കം 22



# ക്വുർആനിന്റെ വെളിച്ചവും വിശ്വാസിയുടെ ജീവിതവും

സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി / 10

**മുഖമൊഴി**

പശ്ചാത്താപത്തിലൂടെ മനസ്സിനെ സംശുദ്ധമാക്കുക / 05
എഡിറ്റർ

**ലേഖനം**

സൈന്യത്തോടുള്ള പ്രവാചകോപദേശങ്ങൾ / 06
ശമീർ മദീനി

നോമ്പോർമയുടെ ലോകാനുഭവങ്ങൾ, ഭാഗം: 3 / 18
ഷാമില തിരുതാലമ്മൽ, സൗത്ത് കൊറിയ

മസ്ജിദുന്നബവിയുടെ നിർമാണം / 21
ഫദ്‌ലുൽ ഹഖ് ഉമരി

അൽബുശ്റ മാസികയുടെ സ്വാധീനം / 28
അലീഫ് ഷാൻ സി.എം പറവണ്ണ

**ക്വുർആൻ ദർശനം**

മുർസലാത്ത് (അയക്കപ്പെടുന്നവ) / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**

ലൈലതുൽ ക്വദ്റും ഇഅ്തികാഫും
അജ്മലിന്റെ സംശയങ്ങളും / 26
ഉസ്മാൻ പാലക്കാഴി

**ഓർമയിലെ നോമ്പ്**

ഓർക്കാനൊരു സ്നേഹത്തിന്റെ നോമ്പുതുറ / 32
സലാം സുറുമ

ഒളിത്താവളങ്ങളിലെ നോമ്പുതുറ / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 9207525244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



### ബദ്‌രീങ്ങളോട് തേടുന്നവരോട്

ഇസ്‌ലാമിക ചരിത്രത്തിൽ നമുക്കൊരിക്കലും വിസ്മരിക്കാൻ സാധിക്കാത്ത ഒരു മഹാ യുദ്ധമാണ് ബദ്ർ. അതിൽ നമുക്ക് വലിയ ദൃഷ്ടാന്തവും, ഗുണപാഠവുമുണ്ട് അല്ലാഹു പറയുന്നത് കാണുക:

"(ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ട് വിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട് പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്." (കുർആൻ 3:13)

ബദ്റിൽ പങ്കെടുത്തവർ(ബദ്‌രീങ്ങൾ)ക്ക് അല്ലാഹു വലിയ ശ്രേഷ്ഠത നൽകിയിരിക്കുന്നു. ഒരിക്കൽ മലക്ക് ജിബ്‌രീൽﷺ മുഹമ്മദ് നബിﷺയോട് ചോദിച്ചു: 'ബദ്റിൽ പങ്കെടുത്തവരെ എങ്ങനെയാണ് നിങ്ങൾ കണക്കാക്കുന്നത്?' നബിﷺ പറഞ്ഞു: 'മുസ്‌ലിംകളിൽ ഏറ്റവും ഉത്തമരായിട്ട്' അപ്പോൾ ജിബ്‌രീൽﷺ പറഞ്ഞു: 'ബദ്റിൽ പങ്കെടുത്ത മലക്കുകളും തഥൈവ.' (ബുഖാരി: 3992)

ബദ്റിലും മറ്റും രക്തസാക്ഷികളായ ശുഹദാക്കളെ പറ്റി അല്ലാഹു പറയുന്നത് കാണുക: 'അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ച് പോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നു. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു.'

ബദ്‌രീങ്ങൾക്ക് അല്ലാഹു നൽകിയ മഹത്വം അംഗീകരിക്കൽ നമുക്ക് നിർബന്ധമാണ്. അവരെ സ്നേഹിക്കാത്തവർക്ക് വിശ്വാസിയാകാൻ കഴിയില്ല. അവരെ ആദരിക്കൽ നമ്മുടെ ബാധ്യതയാണ്. എന്നാൽ അവരോട് പ്രാർഥിക്കാനോ, അവരിൽ ഭരമേൽപിക്കാനോ, അവരുടെ പ്രീതിക്ക് വേണ്ടി ബലിയറുക്കാനോ നമുക്ക് പാടില്ല. ഇതെല്ലാം അല്ലാഹു ഒരിക്കലും പൊറുക്കാത്ത ശിർക്കാണ്.

എന്നാൽ നമ്മുടെ നാട്ടിൽ പലരും ബദ്‌രീങ്ങളോട് പ്രാർഥിക്കുന്നു, അവരിൽ കാര്യങ്ങൾ ഏൽപ്പിക്കുന്നു, അവരുടെ പ്രീതിക്ക് വേണ്ടി ബലിയറുക്കുകയും ചെയ്യുന്നു.

പ്രാർഥന, ബലിയറുക്കൽ, നേർച്ചയാക്കൽ, ഭരമേൽപിക്കൽ തുടങ്ങിയ ആരാധനയുടെ വിവിധ ഇനങ്ങൾ അല്ലാഹുവിന്റെ കൂടെ നബിമാർക്കും ഔലിയാക്കൾക്കും മറ്റും വകവെച്ച് നൽകിയവരോട് പോരാടിയവരാണ് ബദ്‌രീങ്ങൾ.

അവർ ഏതൊരു തിന്മക്കെതിരെ പോരാടിയോ, അതേ തിന്മ ചെയ്തുകൊണ്ടെങ്ങനെ ബദ്‌രീങ്ങളെ സ്നേഹിക്കാൻ സാധിക്കും?

ബദ്‌രീങ്ങൾ അല്ലാഹുവിന്റെ കൂടെ ആരെയും വിളിച്ച് പ്രാർഥിക്കാത്തവരായിരുന്നു. ബദ്റിന്റെ സമയത്തും അവർ അല്ലാഹുവിനോട് മാത്രമാണ് ഇസ്തിഗാസ(സഹായം) തേടിയത് എന്ന് ക്വുർആൻ പറയുന്നുണ്ട്. (കുർആൻ 8:9)

അതിനാൽ നാമും അല്ലാഹുവിനോട് മാത്രം തേടി ബദ്‌രീങ്ങളുടെ പാത സ്വീകരിക്കുക. എങ്കിൽ അല്ലാഹു നമ്മെയും സഹായിക്കും. ബദ്‌രീങ്ങളുടെ നേതാവായ നബിﷺയുടെ പ്രഖ്യാപനം 'ഞാൻ എന്റെ റബ്ബിനോട് മാത്രമേ തേടുകയുള്ളൂ' എന്നതാണ്. അല്ലാഹു പറയുന്നത് കാണുക:

'(നബിയേ,)പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല.' (കുർആൻ 72:20)

ഈസ നബിﷺ അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചു. എന്നാൽ ക്രിസ്ത്യാനികൾ അദ്ദേഹത്തെ വിളിച്ചുതേടുന്നു. ഇബ്‌റാഹീം നബിﷺ വിഗ്രഹാരാധനക്കെതിരെ ശബ്ദിച്ചു. മക്കാ മുശ്‌രിക്കുകൾ (ബദ്‌രീങ്ങളുടെ ശത്രുക്കൾ) ഇബ്‌റാഹീം നബിയുടെ വിഗ്രഹം നിർമിച്ച് അദ്ദേഹത്തോട് പ്രാർഥിച്ചു. മുഹമ്മദ് നബിﷺ അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാവൂ എന്ന് കൽപിച്ചു. ചിലർ മുഹമ്മദ് നബിﷺയോട് തന്നെ പ്രാർഥിക്കുന്നു. ഇതു പോലെ അല്ലാഹുവിനോട് മാത്രം തേടിയവരായ ബദ്‌രീങ്ങളോട് പലരും തേടിക്കൊണ്ടിരിക്കുന്നു.

നാം ആരുടെ മാർഗത്തിലാണുള്ളത്? ബദ്‌രീങ്ങളുടെ പാതയിലോ, അതോ അവരുടെ ശത്രുപക്ഷത്തോ?

**-മുനവ്വർ ഫൈറൂസ്**

# പശ്ചാത്താപത്തിലൂടെ മനസ്സിനെ സംശുദ്ധമാക്കുക

**വി**ശുദ്ധ റമദാൻ മാസം ആത്മാവിനെ സ്ഫുടം ചെയ്തെടുക്കുന്ന മാസമാണ്. ഈ മാസത്തിലെ പകൽ സമയം അന്നപാനീയങ്ങൾ വെടിഞ്ഞ്, വാക്കിലും നോക്കിലും പ്രവൃത്തിയിലും സൂക്ഷ്മത പാലിച്ച്, കഴിയുന്നത്ര വിവിധങ്ങളായ ആരാധനകൾ ചെയ്ത് സ്രഷ്ടാവിനോട് അടുക്കുവാനും അവന്റെ പ്രീതി കരസ്ഥമാക്കുവാനും വിശ്വാസികൾ ശ്രദ്ധിക്കുന്നു.

ആത്മാവിനെ സംസ്കരിക്കുന്ന പ്രവർത്തനമാണ് പശ്ചാത്താപം എന്നത്. തെറ്റുകൾ സംഭവിക്കൽ മനുഷ്യസഹജമാണ്. തിന്മകൾ ചെയ്തുപോയാൽ ഉടനെ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് പാപമോചനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർഥ വിശ്വാസിയുടെ ഗുണമായി അല്ലാഹു എടുത്തു പറഞ്ഞിട്ടുള്ളത്. തെറ്റ് സംഭവിച്ചു പോയാൽ അതിൽ തന്നെ ഉറച്ചു നിൽക്കുകയോ ഞാനേതായാലും പാപിയായി, ഇനി അല്ലാഹു എനിക്ക് പൊറുത്തു തരികയില്ല എന്ന ചിന്തയോടെ നിരാശപ്പെട്ട് കഴിയുകയോ അല്ല ചെയ്യേണ്ടത്. അല്ലാഹു പറയുന്നു:

“പറയുക, സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല” (ക്വുർആൻ 39:53).

പാപത്തിൽനിന്നുള്ള മോചന മാർഗമാണ് പശ്ചാത്താപം. അറബിയിൽ പശ്ചാത്താപത്തിന് ‘തൗബ’ എന്നാണ് പറയുന്നത്. വിശുദ്ധ ക്വുർആനിൽ അങ്ങനെയൊരു അധ്യായം തന്നെ കാണാം. ഖേദം, മടക്കം എന്നെല്ലാമാണ് അതിന്റെ ഭാഷാർഥം. ചെയ്ത കുറ്റത്തിൽ ഖേദിക്കുക, ഇനി അത് ആവർത്തിക്കുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക, അല്ലാഹുവിനോടുള്ള ബാധ്യതകൾ നിർവഹിക്കുക, മറ്റുള്ളവരോട് തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ അവരോട് മാപ്പുപറയുക, തിന്മയിൽ നിന്നും തികച്ചും മാറി നിന്ന് നല്ല വ്യക്തിയായി ജീവിക്കുക എന്നിവയൊക്കെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നതിനുള്ള ഉപാധികളിൽ പെടുന്നു.

അറിവില്ലായ്മ മൂലം കുറ്റകരമായ കാര്യങ്ങൾ പ്രവർത്തിച്ചാൽ താമസിയാതെ അതിൽ നിന്ന് ഖേദിച്ചുമടങ്ങുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. വിശുദ്ധ ക്വുർആൻ പറയുന്നു: “പശ്ചാത്താപം സ്വീകരിക്കുവാൻ അല്ലാഹു ബാധ്യത ഏറ്റിട്ടുള്ളത് അറിവുകേട് നിമിത്തം തിന്മചെയ്യുകയും എന്നിട്ട് താമസിയാതെ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു ഏറ്റവും അറിവുള്ളവനും യുക്തിമാനുമാകുന്നു. പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാവുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നുവെന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്” (ക്വുർആൻ 4:17,18).

പാപമോചനത്തിനുള്ള ഏറ്റവും ഉത്തമമായ മറ്റൊരു മാർഗമാണ് സൽകർമങ്ങൾ ചെയ്യൽ. നന്മകൾ തിന്മകളെ മായ്ച്ചുകളയുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ലേഖനം

ശമീർ മദീനി
shameermadeeni@gmail.com

ഇസ്‌ലാമും യുദ്ധവും: 2



# സൈന്യത്തോടുള്ള പ്രവാചകോപദേശങ്ങൾ

യുദ്ധത്തിനിറങ്ങുന്ന സൈന്യാധിപന്റെയും സേനാംഗങ്ങളുടെയും ഇഷ്ടത്തിനനുസരിച്ചല്ല ഇസ്‌ലാമിലെ യുദ്ധങ്ങൾ; അവിടെയും ഇസ്‌ലാമിന്റെ കൃത്യമായ ഇടപെടലുകളും വിധിവിലക്കുകളും ഉപദേശ നിർദേശങ്ങളുമുണ്ട്.

പ്രവാചകാനുചരന്മാരിൽ പെട്ട ബുറൈദؓ പറഞ്ഞു: "നബിﷺ ഒരാളെ നായകനാക്കി ഒരു സൈന്യത്തെ നിയോഗിച്ചാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിക്കണമെന്നും കൂടെയുള്ളവരുടെ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണമെന്നും പ്രത്യേകം നിർദേശിക്കുമായിരുന്നു. അവിടുന്ന് പറയും: 'നിങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ പോരാടുക. അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ ശത്രുക്കളോട് ഏറ്റുമുട്ടുക. മോഷണവും ചതിയും വഞ്ചനയും കാണിക്കരുത്. അംഗവിഛേദം ചെയ്യരുത്. കുട്ടികളെ കൊല്ലരുത്. ബഹുദൈവാരാധകരായ ശത്രുക്കളെ കണ്ടുമുട്ടിയാൽ മൂന്ന് കാര്യങ്ങളിലേക്ക് നീ അവരെ ക്ഷണിക്കുക. അതിൽ ഏതൊന്ന് അവർ സ്വീകരിച്ചാലും നീ അതംഗീകരിച്ച് യുദ്ധം അവസാനിപ്പിക്കണം. നീ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അതിന് അവർ സന്നദ്ധരാണെങ്കിൽ നീ അതംഗീകരിക്കുകയും യുദ്ധ നടപടികൾ നി

റുത്തിവെക്കുകയും ചെയ്യുക. അപ്പോൾ മുസ്‌ലിംകൾക്കുള്ള എല്ലാ അവകാശങ്ങളും അവർക്കുമുണ്ടാകും. മുസ്‌ലിംകൾക്ക് ബാധകമായ എല്ലാ ബാധ്യതകളും അവരുടെ മേലും ബാധ്യതയായുണ്ടാകും. ഇനി ഇസ്‌ലാം സ്വീകരിക്കാൻ അവർ ഒരുക്കമല്ലെങ്കിൽ നീ അവരോട് 'ജിസ്‌യ' (സംരക്ഷണ നികുതി) ആവശ്യപ്പെടുക. അവരത് തരാൻ തയ്യാറാണെങ്കൽ അവരുമായി ഏറ്റുമുട്ടൽ പാടുള്ളതല്ല. അതിനും അവർ തയ്യാറല്ലെങ്കിൽ അല്ലാഹുവിൽ ഭരമേൽപിച്ച് പ്രാർഥനയോടെ അവരുമായി പോരാടിക്കൊള്ളുക" (മുസ്‌ലിം, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ).

ആളുകളെ യുദ്ധത്തടവുകാരും ബന്ധികളുമാക്കി പിടിച്ചുകൊണ്ടു വരുന്നതിനെക്കാൾ ഇരുലോകത്തും നേട്ടം കൈവരിക്കാനുതകുന്നവിധം ആദർശ സഹോദരങ്ങളാക്കി കൊണ്ടുവരാനായിരുന്നു ഇസ്‌ലാം താൽപര്യപ്പെട്ടത്. യുദ്ധരംഗത്തുപോലും ശത്രുതയവസാനിപ്പിച്ച് ഇസ്‌ലാമിനെ അറിയാനുള്ള സന്നദ്ധത അറിയിച്ചാൽ അതിന് അവസരമുണ്ടാക്കുകയും നിർഭയസ്ഥാനത്തെത്തിക്കുകയും ചെയ്യണമെന്നാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്:

"ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്" (ക്വുർആൻ 9:6).

ശത്രുരാജ്യത്തെ എല്ലാവരെയും ശത്രുവായി കണ്ടുകൊണ്ടുള്ള കാടടച്ചുള്ള ആക്രമണ രീതിയല്ല ഇസ്‌ലാമിന്റേത്. യുദ്ധത്തിൽ പങ്കാളികളായ യോദ്ധാക്കളെയും അല്ലാത്തവരെയും രണ്ട് തരമായി കണ്ടുകൊണ്ടാണ് നബിﷺ സൈന്യത്തിന് നിർദേശങ്ങൾ നൽകിയിരുന്നത്. സ്ത്രീകളെയും കുട്ടികളെയും ജോലിക്കാരെയും വധിക്കുകയോ ആക്രമിക്കുകയോ ചെയ്യരുതെന്നുള്ള ശക്തമായ നിർദേശങ്ങളടങ്ങിയ യുദ്ധരംഗവുമായി ബന്ധപ്പെട്ട ധാരാളം ഉപദേശങ്ങൾ ഹദീഥുകളിൽ കാണാം. ഇതിനു വിരുദ്ധമായി വല്ല നീക്കങ്ങളും ശ്രദ്ധയിൽ പെട്ടാൽ അവരെ പ്രത്യേകം ശാസിക്കുകയും ഉപദേശിക്കുകയും ചെയ്ത സംഭവങ്ങൾവരെ ഉണ്ടായിട്ടുണ്ട്.

ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കാൻ സാധിക്കാതെ വന്നേക്കുമെന്നതിനാൽ അപ്രതീക്ഷിതമായ ആക്രമണങ്ങളെ നബിﷺ പ്രോത്സാഹിപ്പിച്ചിട്ടില്ല. അനസ്ﷺ പറയുന്നു: "നബിﷺ ഒരു വിഭാഗത്തിനെതിരെ ഏറ്റുമുട്ടാനായി രാത്രിയിൽ എത്തിയാൽ പ്രഭാതം വരെയും അവർക്കു നേരെ ആക്രമണങ്ങൾ നടത്തുകയില്ല" (ബുഖാരി).

ശത്രുക്കളെയും അവരുടെ സമ്പത്തിനെയും അഗ്നിക്കിരയാക്കുന്ന കാടൻ നടപടികൾ മുമ്പുകാലത്തും ഇപ്പോഴും ഉള്ളതാണ്. എന്നാൽ നബിﷺ ഇത്തരം രീതികളെ ശക്തമായി വിലക്കിയിട്ടുണ്ട്. "തീ കൊണ്ട് ശിക്ഷിക്കാൻ അല്ലാഹുവിന്ന് മാത്രമേ അവകാശമുള്ളൂ" (മുസ്‌ലിം, അബൂദാവൂദ്) എന്ന് അവിടുന്ന് ഉപദേശിക്കുമായിരുന്നു.

ശത്രുക്കളെ ജീവനോടെ കയ്യിൽ കിട്ടിയാൽ ഇഞ്ചിഞ്ചായി കൊല്ലുന്ന ക്രൂരവിനോദം ആധുനിക കാലത്തുപോലും ധാരാളമായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്വാണ്ടനാമോയിലും മറ്റും തടവുകാരെ അതിക്രൂരമായി പീഡിപ്പിക്കുന്നതിന്റെ ദൃശ്യങ്ങളിൽ ചിലത് നാം കണ്ടതാണ്. തീവെച്ചും വന്യമൃഗങ്ങൾക്ക് തീറ്റയാക്കിയും വിഷവാതകം ശ്വസിപ്പിച്ചും പട്ടിണിക്കിട്ടും അടക്കം എന്തെല്ലാം ക്രൂരതകൾ ചെയ്യാൻ പറ്റുമോ അതെല്ലാം ശത്രുക്കൾക്കെതിരിൽ ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്ത് നബിﷺയുടെ ഉപദേശങ്ങൾ ഏറെ പ്രസക്തമാണ്.



**ആളുകളെ യുദ്ധത്തടവുകാരായി പിടിച്ചുകൊണ്ടു വരുന്നതിനെക്കാൾ ആദർശ സഹോദരങ്ങളാക്കി (ഇരുലോകത്തും നേട്ടം കൈവരിക്കാനുതകുന്നവിധം) കൊണ്ടുവരാനായിരുന്നു ഇസ്‌ലാം താൽപര്യപ്പെട്ടത്. യുദ്ധരംഗത്തുപോലും ശത്രുതയവസാനിപ്പിച്ച് ഇസ്‌ലാമിനെ അറിയാനുള്ള സന്നദ്ധത അറിയിച്ചാൽ അതിന് അവസരമുണ്ടാക്കുകയും നിർഭയസ്ഥാനത്തെത്തിക്കുകയും ചെയ്യണമെന്നാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്:**

ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടക്കം മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങൾ വരെ നിർദയം തകർത്തും ദുർബലരും അവശരുമായ സാധാരണക്കാരെ കൊന്നൊടുക്കിയും ജീവജാലങ്ങളെയും കൃഷിയിടങ്ങളെയും നശിപ്പിച്ചും 'ശത്രുസംഹാരം' നടത്തുന്ന ആധുനിക സമൂഹത്തിന് നബിﷺയുടെ ഉപദേശങ്ങളോളം മാനവികവും മഹത്തരവുമായ യുദ്ധോപദേശങ്ങൾ എവിടെയാണ് കാണാനാവുക?

കൃഷി നശിപ്പിക്കരുതെന്നും മൃഗങ്ങളെയും അവശരെയും ആക്രമിക്കരുതെന്നും നബിﷺ പ്രത്യേകം ഉപദേശിച്ചിരുന്നു.

യുദ്ധം ചെയ്യുന്നവരോട് മാത്രം യുദ്ധം ചെയ്യുവാനും യുദ്ധരംഗത്ത് പോലും അതിക്രമങ്ങൾ പാടില്ലെന്നുമാണ് ക്വുർആൻ ഉപദേശിക്കുന്നത്: "നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ" (ക്വുർആൻ 2:190).

"വിലക്കപ്പെട്ട മാസത്തിലെ യുദ്ധത്തിന് വിലക്കപ്പെട്ട മാസത്തിൽ തന്നെ (തിരിച്ചടിക്കുക). വിലക്കപ്പെട്ട മറ്റു കാര്യങ്ങൾ ലംഘിക്കുമ്പോഴും (അങ്ങനെ ത്തന്നെ) പ്രതിക്രിയ ചെയ്യേണ്ടതാണ്. അപ്രകാരം നിങ്ങൾക്കെതിരെ ആർ അതിക്രമം കാണിച്ചാലും അവൻ നിങ്ങളുടെ നേർക്ക് കാണിച്ച അതിക്രമത്തിന് തുല്യമായി അവന്റെ നേരെയും അതിക്രമം കാണിച്ചുകൊള്ളുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടൊപ്പമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:194).

സമാധാനത്തിനും സന്ധിസംഭാഷണങ്ങൾക്കും ശത്രുക്കൾ സന്നദ്ധമായാൽ അതിനോട് ക്രിയാത്മകമായി പ്രതികരിക്കാനും സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ സന്നദ്ധമാകുവാനും ക്വുർആൻ നിർദേശിക്കുന്നു:

"ഇനി, അവർ സമാധാനത്തിലേക്ക് ചായ്‌വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്‌വ് കാണിക്കുകയും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവൻ" (ക്വുർആൻ 8:61).

എന്നാൽ ന്യായമായ തിരിച്ചടി അനിവാര്യമാകുന്ന ഘട്ടത്തിൽ യാതൊരു നീക്കുപോക്കുമില്ലാതെ സധൈര്യം ശത്രുസൈന്യത്തെ നേരിടുകയും വേണം അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ(നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്. ബഹുദൈവവിശ്വാസികൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നത് പോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 9:36).

ശത്രുവിനെ തേടിപ്പിടിക്കേണ്ടിവരുമ്പോൾ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ പോലും നിഷ്ഫലമാവില്ല എന്ന വിശ്വാസത്തിന്റെ കരുത്തിലാണ് ഇസ്‌ലാമിക സൈന്യത്തിന്റെ പുറപ്പാട്. അല്ലാഹു പറയുന്നു:



**ശത്രുക്കളെ ജീവനോടെ കയ്യിൽ കിട്ടിയാൽ ഇഞ്ചിഞ്ചായി കൊല്ലുന്ന ക്രൂരവിനോദം ആധുനിക കാലത്തുപോലും ധാരാളമായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്വാണ്ടനാമോയിലും മറ്റും തടവുകാരെ അതിക്രൂരമായി പീഡിപ്പിക്കുന്നതിന്റെ ദൃശ്യങ്ങളിൽ ചിലത് നാം കണ്ടതാണ്. തീവെച്ചും വന്യമൃഗങ്ങൾക്ക് തീറ്റയാക്കിയും വിഷവാതകം ശ്വസിപ്പിച്ചും പട്ടിണിക്കിട്ടും അടക്കം എന്തെല്ലാം ക്രൂരതകൾ ചെയ്യാൻ പറ്റുമോ അതെല്ലാം ശത്രുക്കൾക്കെതിരിൽ ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്ത് നബിﷺയുടെ ഉപദേശങ്ങൾ ഏറെ പ്രസക്തമാണ്.**

**യുദ്ധത്തിന്റെ ഭാഗമായി പിടിക്കപ്പെടുന്ന ബന്ധികളോടും യുദ്ധത്തടവുകാരോടും മാന്യമായി പെരുമാറണമെന്ന കാര്യത്തിൽ മുഹമ്മദ് നബിﷺ പ്രായോഗിക മാതൃക ലോകത്തിന് കാണിച്ചുകൊടുത്തു. എഴുത്തും വായനയും അറിയാത്ത പത്ത് വീതം ആളുകൾക്ക് ഓരോ തടവുകാരനും അക്ഷരജ്ഞാനം പകർന്നുകൊടുക്കുക എന്നതായിരുന്നു യുദ്ധത്തടവുകാർക്കുള്ള മോചനദ്രവ്യം. പ്രവാചകന്റെ ജന്മനാടായ മക്ക ജയിച്ചടക്കിയ ഘട്ടത്തിലാകട്ടെ ശത്രുക്കളെ നിലംപരിശാക്കുവാനുള്ള എല്ലാവിധ സാഹചര്യങ്ങളും അനുകൂലമായി വന്നിട്ടും ശത്രുക്കളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും മാപ്പുനൽകി നിരുപാധികം വിട്ടയച്ച, ലോകചരിത്രത്തിൽ തന്നെ തുല്യതയില്ലാത്ത വിട്ടുവീഴ്ചയുടെയും കാരുണ്യത്തിന്റെയും ചരിത്രമാണ് ഇസ്‌ലാമിനുള്ളത്.**

"ശത്രുജനതയെ തേടിപ്പിടിക്കുന്ന കാര്യത്തിൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്. നിങ്ങൾ വേദന അനുഭവിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ വേദന അനുഭവിക്കുന്നത് പോലെത്തന്നെ അവരും വേദന അനുഭവിക്കുന്നുണ്ട്. നിങ്ങളാകട്ടെ അവർക്ക് പ്രതീക്ഷിക്കാനില്ലാത്തത് (അനുഗ്രഹം) അല്ലാഹുവിങ്കൽ നിന്ന് പ്രതീക്ഷിക്കുന്നുമുണ്ട്. അല്ലാഹു അറിവുള്ളവനും യുക്തിയുള്ളവനുമാകുന്നു" (ക്വുർആൻ 4:104).

അനിവാര്യഘട്ടങ്ങളിലുള്ള പോരാട്ടങ്ങളിൽ ജീവൻ ത്യജിക്കേണ്ടി വന്നാൽ പോലും വിശ്വാസികൾക്ക് വമ്പിച്ച നേട്ടവും സ്വർഗീയ വിജയവുമാണ് കൈവരുന്നത്: "അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെപ്പറ്റി മരണപ്പെട്ടവർ എന്ന് നിങ്ങൾ പറയേണ്ട. എന്നാൽ അവരാകുന്നു ജീവിക്കുന്നവർ. പക്ഷേ, നിങ്ങൾ (അതിനെപ്പറ്റി) ബോധവാൻമാരാകുന്നില്ല" (ക്വുർആൻ 2:154).

അവർക്കുള്ള സ്വർഗീയാനുഭൂതികളെ കുറിച്ചും ക്വുർആൻ ഓർമിപ്പിക്കുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ച് പോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു.അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. തങ്ങളോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത, തങ്ങളുടെ പിന്നിൽ (ഇഹലോകത്ത്) കഴിയുന്ന വിശ്വാസികളെപ്പറ്റി, അവർക്ക് യാതൊന്നും ഭയപ്പെടുവാനോ ദുഃഖിക്കാനോ ഇല്ലെന്നോർത്ത് അവർ (ആ രക്തസാക്ഷികൾ) സന്തോഷമടയുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അവർ സന്തോഷമടയുന്നു. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതും (അവരെ സന്തുഷ്ടരാക്കുന്നു)" (ക്വുർആൻ 3:169-171).

### യുദ്ധത്തടവുകാരോടുള്ള സമീപനങ്ങൾ

യുദ്ധത്തിന്റെ ഭാഗമായി പിടിക്കപ്പെടുന്ന ബന്ധികളോടും യുദ്ധത്തടവുകാരോടും മാന്യമായി പെരുമാറണമെന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. തടവുകാരെ വധിക്കരുതെന്ന് പ്രത്യേകം നബിﷺ നിർദേശിച്ചിട്ടുണ്ട്.

യുദ്ധത്തടവുകാരായി പിടിക്കപ്പെടുന്നവരുടെ ജീവൻ വെച്ചുകൊണ്ട് വില പേശുകയും അതിക്രൂരമായ മർദന മുറകൾ അവർക്കുനേരെ പ്രയോഗിക്കുകയും അത് വലിയ വിജയമായി കാണുകയും ചെയ്യുന്ന നവയുഗത്തിലെ യുദ്ധനിയമങ്ങൾക്കു മുന്നിൽ പതിനാലു നൂറ്റാണ്ട് മുമ്പ് ഇസ്‌ലാം നിർദേശിച്ച മാന്യമായ മോചന മാർഗം ഇന്നും ആർജവത്തോടെ തലയുയർത്തിനിൽക്കുകയാണ്:

"...എന്നിട്ട് അതിനു ശേഷം (അവരോട്) ദാക്ഷിണ്യം കാണിക്കുകയോ, അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക. യുദ്ധം അതിന്റെ ഭാരങ്ങൾ ഇറക്കിവെക്കുന്നത് വരെയത്രെ അത്. അതാണ് (യുദ്ധത്തിന്റെ) മുറ..." (ക്വുർആൻ 47:4).

ബദ്റിലെയും മറ്റും ബന്ധികളുടെ കാര്യത്തിൽ മുഹമ്മദ് നബിﷺ അതിന്റെ പ്രായോഗിക മാതൃകയും ലോകത്തിന് കാണിച്ചുകൊടുത്തു. എഴുത്തും വായനയും അറിയാത്ത പത്ത് വീതം ആളുകൾക്ക് ഓരോ തടവുകാരനും അക്ഷരജ്ഞാനം പകർന്നുകൊടുക്കുക എന്നതായിരുന്നു യുദ്ധത്തടവുകാർക്കുള്ള മോചനദ്രവ്യം. പ്രവാചകന്റെ ജന്മനാടായ മക്ക ജയിച്ചടക്കിയ ഘട്ടത്തിലാകട്ടെ ശത്രുക്കളെ നിലംപരിശാക്കുവാനുള്ള എല്ലാവിധ സാഹചര്യങ്ങളും അനുകൂലമായി വന്നിട്ടും ശത്രുക്കളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും മാപ്പുനൽകി നിരുപാധികം വിട്ടയച്ച, ലോകചരിത്രത്തിൽ തന്നെ തുല്യതയില്ലാത്ത വിട്ടുവീഴ്ചയുടെയും കാരുണ്യത്തിന്റെയും ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

# ക്വുർആനിന്റെ വെളിച്ചവും വിശ്വാസിയുടെ ജീവിതവും



**ലോകത്തിന് മുഴുവൻ മാർഗദർശനമായി അവതരിച്ച അവസാന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മാനവ സമൂഹത്തിന് വഴിയും വെളിച്ചവുമായി ഇറക്കപ്പെട്ട ക്വുർആനിനെ പിൻപറ്റിയവർക്കാർക്കും ഇരുളിൽ തപ്പേണ്ടിവന്നിട്ടില്ല. ക്വുർആനിനെ എതിർക്കാൻ പുറപ്പെട്ടവർ പോലും ഒടുവിൽ അതിന്റെ പ്രചാരകരായി മാറിയ ചരിത്രമാണുള്ളത്.**

മാനവർക്ക് മാർഗദർശനമായി അല്ലാഹു അവതരിപ്പിച്ച വേദ ഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് വിശുദ്ധ ക്വുർആൻ. അതിന്റെ അവതരണം മുതൽ ഇന്നുവരെ അതിന്റെ വെളിച്ചം സ്വീകരിച്ചവരെ അത് നന്മയിലേക്കല്ലാതെ നയിച്ചിട്ടില്ല. ക്വുർആനിന്റെ വെളിച്ചം മനസ്സുകളിലേക്ക് തുളച്ചുകയറുന്നതാണ്. ശുദ്ധ മനസ്സോടെയും സദുദ്ദേശത്തോടെയും ക്വുർആൻ വായിക്കാനും പഠിക്കാനും സന്നദ്ധരാകുന്നവർക്ക് മുമ്പിൽ അത് മാറ്റത്തിന്റെ വാതായനങ്ങൾ തുറന്നിടുമെന്നതിൽ സംശയമില്ല.

## കുർആൻ വെളിച്ചമാണ്

കുർആൻ വെളിച്ചമാണ് എന്ന് ക്വുർആൻ തന്നെ വ്യക്തമാക്കുന്നു: "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ

നിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു”(അന്നിസാഅ്: 174).

“...അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ” (അൽഅഅ്റാഫ്: 157).

“അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിച്ചുകൊള്ളുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്” (അത്തഗാബുൻ: 8).

## പ്രകാശിപ്പിക്കൽ

ഈ പ്രകാശം മനുഷ്യ മനസ്സുകളിലേക്ക് പകർന്ന് കൊടുക്കാനാണ് അവസാന പ്രവാചകനായി മുഹമ്മദ്ﷺയെ അല്ലാഹു നിയോഗിച്ചത്, അതാണ് താഴെ വരുന്ന ക്വുർആനിക സൂക്തം നമ്മെ ബോധ്യപ്പെടുത്തുന്നത്:

“അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി...”(അത്ത്വലാക്വ്: 11).

ക്വുർആനിന്റെ വെളിച്ചം ലഭിക്കുവാൻ അല്ലാഹുവിനെ സൂക്ഷിക്കുകയും പ്രവാചകനിൽ യഥാർഥ രൂപത്തിൽ വിശ്വസിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ ക്വുർആനിക ആശയം സ്വീകരിക്കുന്നവർക്ക് അത് ജീവിത വെളിച്ചമായി മാറുന്നു. ക്വുർആൻ വ്യക്തമാക്കുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്നു രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക് (ശരിയായ പാതയിലൂടെ) നടന്നു പോകാം. നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാനിധിയുമാണ്” (അൽഹദീദ്: 28).

## ഒരിക്കലും സമമാവുകയില്ല

ക്വുർആനിന്റെ വെളിച്ചം സ്വീകരിച്ചവരും അല്ലാത്തവരും ഒരിക്കലും സമമാവുകയില്ല. അത്പോലെ ആ പ്രകാശ കിരണം ഒരിക്കലെങ്കിലും കാണാൻ സൗഭാഗ്യം ലഭിച്ചവർ പിന്നീടൊരിക്കലും അല്ലാഹുവിന് മാത്രം നൽകേണ്ട ആരാധനകളും പ്രാർഥനകളും അവന്റെ സൃഷ്ടികൾക്ക് മുമ്പിൽ ഒരിക്കലും സമർപിക്കുകയില്ല. അല്ലാഹു പറയുന്നു:

“(നബിയേ,) ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവർ പങ്കാളികളാക്കി വെച്ചവർ, അവൻ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് (ഇരു വിഭാഗത്തിന്റെയും) സൃഷ്ടികൾ അവർക്ക് തിരിച്ചറിയാതാവുകയാണോ ഉണ്ടായത്? പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവാധിപതിയുമാകുന്നു” (അർറഅ്ദ്: 16).



**സമൂഹത്തിന്റെ നാനാതുറകളിലുള്ള മുഴുവനാളുകൾക്കും അവരവരുടെ ബുദ്ധിവൈഭവത്തിനനുസരിച്ച് സ്വാധീനം ചെലുത്തുവാനുതകുന്ന രൂപത്തിലുള്ള വെളിച്ചമാണ് ക്വുർആനിലെ ഓരോ വചനങ്ങൾക്കുമുള്ളത്. ഒരു വ്യക്തിക്ക് വെളിച്ചം നൽകിയ വചനമായിരിക്കില്ല മറ്റൊരു വ്യക്തിക്ക് വെളിച്ചം നൽകിയ വചനം. അങ്ങനെ മാനവരെ ഒന്നടങ്കം ഏറ്റവും ചൊവ്വായ മാർഗത്തിലേക്ക് നയിക്കാനുതകുന്ന വെളിച്ചം പ്രസരിപ്പിക്കുന്ന വചനങ്ങളാണ് ക്വുർആനിലുള്ളത്.**

"നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും നാം ഒരു (സത്യ) പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്ത് കടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ? അങ്ങനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്ത്കൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു" (അൽഅൻആം: 122).

**അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക്**

ക്വുർആനിക പ്രകാശം സ്വീകരിക്കാൻ തയ്യാറാകുന്നവരെ അല്ലാഹു എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും മോചിപ്പിക്കുകയും അവർക്ക് സ്വർഗപാത സുഗമമാക്കി കൊടുക്കുന്നതുമാണ്. അല്ലാഹു പറയുന്നു:

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു" (അൽബക്വറ: 257).

**പ്രകാശം ഒന്ന് മാത്രം**

ക്വുർആനിക പ്രകാശം ഒന്നേയുള്ളൂ, ഒന്നിലധികം പ്രകാശങ്ങളില്ല. അഥവാ ക്വുർആൻ പഠിപ്പിക്കുന്ന സ്വർഗത്തിലേക്കുള്ള സന്മാർഗ വെളിച്ചം ഒന്നേയുള്ളൂ. സ്വർഗത്തിലേക്ക് വ്യത്യസ്ത വഴികളില്ല. എന്നാൽ അന്ധകാരനിബിഢമായ അസത്യത്തിന്റെ വഴികൾ ഒട്ടനവധിയുണ്ട്.

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്" (അൽ അൻആം: 153).

**പരലോകത്തും പ്രകാശം**

ക്വുർആനിന്റെ പ്രകാശം ലഭിച്ചവർക്ക് പരലോകത്തും പ്രത്യേകമായ പ്രകാശം ലഭിക്കുന്നതാണ്. അത് ലഭിക്കാത്തവർ വിശ്വാസികളോട് ആ പ്രകാശത്തിൽ നിന്ന് അൽപമെങ്കിലും ഞങ്ങൾക്ക് നൽകുമോയെന്ന് കെഞ്ചി നോക്കും, പക്ഷേ, അത് കൊണ്ട് ഒരു കാര്യവുമുണ്ടാവില്ല.

"സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും, അവരുടെ പ്രകാശം അവരുടെ മുൻഭാഗങ്ങളിലൂടെയും വലതുഭാഗങ്ങളിലൂടെയും സഞ്ചരിക്കുന്ന നിലയിൽ നീ കാണുന്ന ദിവസം! (അന്നവരോട് പറയപ്പെടും:) ഇന്നു നിങ്ങൾക്കുള്ള സന്തോഷവാർത്ത ചില സ്വർഗത്തോപ്പുകളെ പറ്റിയാകുന്നു. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകികൊണ്ടിരിക്കും. നിങ്ങൾ അതിൽ നിത്യവാസികളായിരിക്കും. അത് മഹത്തായ ഭാഗ്യം തന്നെയാണ്. കപടവിശ്വാസികളും കപടവിശ്വാസിനികളും സത്യവിശ്വാസികളോട് (ഇങ്ങനെ) പറയുന്ന ദിവസം: നിങ്ങൾ ഞങ്ങളെ നോക്കണേ! നിങ്ങളുടെ പ്രകാശത്തിൽ നിന്ന് ഞങ്ങൾ പകർത്തി എടുക്കട്ടെ. (അപ്പോൾ അവരോട്) പറയപ്പെടും: നിങ്ങൾ നിങ്ങളുടെ പിൻഭാഗത്തേക്കു തന്നെ മടങ്ങിപ്പോകുക. എന്നിട്ട് പ്രകാശം അന്വേഷിച്ചുകൊള്ളുക! അപ്പോൾ അവർക്കിടയിൽ ഒരു മതിൽകൊണ്ട് മറയുണ്ടാക്കപ്പെടുന്നതാണ്. അതിന് ഒരു വാതിലുണ്ടായിരിക്കും. അതിന്റെ ഉൾഭാഗത്താണ് കാരുണ്യമുള്ളത്. അതിന്റെ പുറഭാഗത്താകട്ടെ ശിക്ഷയും" (അൽഹദീദ്: 12,13).

**പൂർണമാക്കുക തന്നെ ചെയ്യും**

"അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണമാക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും" (തൗബ: 32).

"അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു" (അസ്സ്വഫ്ഫ്: 8)

**അല്ലാഹു സംതൃപ്തനായിരിക്കുന്നു**

ജാഹിലിയ്യ കാലത്തെ മുഴുവൻ അന്ധകാരങ്ങളെയും ജീവിത ദർശനമായി സ്വീകരിച്ച് വഴികേടിന്റെ അങ്ങേയറ്റത്ത് എത്തിയ ജനത ക്വുർആനിന്റെ വെളിച്ചം സ്വീകരിക്കാൻ സന്നദ്ധരായപ്പോൾ ഉത്തമ

**ജാഹിലിയ്യ കാലത്തെ മുഴുവൻ അന്ധകാരങ്ങളെയും ജീവിത ദർശനമായി സ്വീകരിച്ച് വഴികേടിന്റെ അങ്ങേയറ്റത്ത് എത്തിയ ജനത ക്വുർആനിന്റെ വെളിച്ചം സ്വീകരിക്കാൻ സന്നദ്ധരായപ്പോൾ ഉത്തമമായ സമൂഹമായി മാറുകയും അല്ലാഹുവിന്റെ തൃപ്തിക്ക് പാത്രീഭൂതരാവുകയും ചെയ്തു. അതാണ് ക്വുർആനിന്റെ വെളിച്ചത്തിന്റെ പ്രത്യേകത!**

**ആയിരത്തി നാനൂറിൽ പരം വർഷം മുമ്പ് അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആൻ മാനവകുലത്തിന് വെളിച്ചം നൽകി, അവതരിപ്പിക്കപ്പെട്ട അതേരൂപത്തിൽ ഇന്നും നിലനിൽക്കുന്നു; യാതൊരു വിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ തന്നെ! വിമർശിക്കാൻ വേണ്ടി പഠിക്കുന്നവരും അതിന്റെ പ്രകാശത്താൽ സ്വാധീനിക്കപ്പെടുന്നു. അവസാനനാൾ വരെയും അത് വെളിച്ചം പകർന്നുകൊണ്ടേയിരിക്കും.**

മായ സമൂഹമായി മാറുകയും അല്ലാഹുവിന്റെ തൃപ്തിക്ക് പാത്രീഭൂതരാവുകയും ചെയ്തു. അതാണ് ക്വുർആനിന്റെ വെളിച്ചത്തിന്റെ പ്രത്യേകത!

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (അൽജുമുഅ: 2).

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (അത്തൗബ: 100).

### ക്വുർആൻ വെളിച്ചത്തിന്റെ മാസ്മരികത

ഒരിക്കൽ നബിﷺ മക്കയിൽ വെച്ച് ക്വുർആനിലെ ഒരു സൂറത്ത് പാരായണം ചെയ്തപ്പോൾ അവിടെയുണ്ടായിരുന്ന ഇസ്‌ലാമിന്റെ ശത്രുക്കളടക്കം എല്ലാവരും പരിസരം പോലും മറന്ന് അതിൽ ലയിച്ച് പോവുകയുണ്ടായി. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്ന ഒരു ഹദീഥ് ശ്രദ്ധിക്കുക:

അബ്ദുല്ലാഹ്‌ؓ നിവേദനം: "ഒരിക്കൽ നബിﷺ മക്കയിൽ വെച്ച് സൂറത്തുന്നജ്മ് പാരായണം ചെയ്യുകയും അതിൽ (പാരായണത്തിന്റെ) സുജൂദ് ചെയ്യുകയും ചെയ്തപ്പോൾ അവിടെയുണ്ടായിരുന്ന ഒരു വൃദ്ധനൊഴിച്ച് അവശേഷിക്കുന്നവരെല്ലാം നബിﷺയോടൊപ്പം സുജൂദ് ചെയ്തു. ആ വൃദ്ധൻ അൽപം ചരൽക്കല്ലുകളോ മണ്ണോ എടുത്ത് തന്റെ നെറ്റിത്തടത്തിൽ വെച്ച് കൊണ്ട് പറഞ്ഞു: 'എനിക്ക് ഇത് മതി.' നിവേദകൻ പറയുന്നു: 'ആ വ്യക്തി സത്യനിഷേധിയായി കൊല്ലപ്പെടുകയുണ്ടായി" (ബുഖാരി).

### വചനങ്ങളുടെ സവിശേഷത

സമൂഹത്തിന്റെ നാനാതുറകളിലുള്ള മുഴുവനാളുകൾക്കും അവരവരുടെ ബുദ്ധിവൈഭവത്തിനനുസരിച്ച് സ്വാധീനം ചെലുത്തുവാനുതകുന്ന രൂപത്തിലുള്ള വെളിച്ചമാണ് ക്വുർആനിലെ ഓരോ വചനങ്ങൾക്കുമുള്ളത്. ഒരു വ്യക്തിക്ക് വെളിച്ചം നൽകിയ വചനമായിരിക്കില്ല മറ്റൊരു വ്യക്തിക്ക് വെളിച്ചം നൽകിയ വചനം. അങ്ങനെ മാനവരെ ഒന്നടങ്കം ഏറ്റവും ചൊവ്വായ മാർഗത്തിലേക്ക് നയിക്കാനുതകുന്ന വെളിച്ചം പ്രസരിപ്പിക്കുന്ന വചനങ്ങളാണ് ക്വുർആനിലുള്ളത്. അല്ലാഹു പറയുന്നു:

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (അൽഇസ്റാഅ്: 9).

### വിപ്ലവകരമായ മാറ്റം

ക്വുർആനിന്റെ വെളിച്ചം സ്വീകരിച്ച് ജീവിതത്തിൽ അവർണനീയമായ മാറ്റങ്ങൾക്ക് വിധേയരായ അനേകം പേർ ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്.

മക്കയിലെ മലമടക്കുകളിൽ വീരപുരുഷനായി ഏവരെയും ഭയപ്പെടുത്തി മക്കാനിവാസികളിൽ മേലാളനായി ജീവിച്ചിരുന്ന ഉമർؓവിന്റെ കട്ടിയുള്ള ഹൃദയത്തെ മൃദുവാക്കിയത് പ്രവാചകൻﷺയുടെ പ്രാർഥനക്കൊപ്പം വിശുദ്ധ ക്വുർആനിലെ സൂറഃ ത്വാഹായിലെ ഏതാനും ആയത്തുകൾ പ്രസരിപ്പിച്ച വെളിച്ചമാണെന്ന ചരിത്രം പ്രസിദ്ധമാണ്.

ഇമാം ഇബ്നുൽ ജൗസിയുടെ 'മനാക്വിബു അമീറുൽ മുഅ്മിനീൻ ഉമറുബ്നുൽ ഖത്ത്വാബ്' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണാം: 'ഒരിക്കൽ സൂറതുത്ത്വൂർ പാരായണം ചെയ്ത് തഹജ്ജുദ് നമസ്കരിക്കുന്ന ഒരാളെ ഉമറുബ്നുൽ ഖത്ത്വാബ്ؓ കേൾക്കുകയുണ്ടായി. അങ്ങനെ 'തീർച്ചയായും നിന്റെ രക്ഷിതാവിന്റെ ശിക്ഷ സംഭവിക്കുന്നത് തന്നെയാകുന്നു. അത് തടുക്കുവാൻ ആരും തന്നെയില്ല' എന്ന ആശ

യം വരുന്ന ആയത്ത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'കഅ്ബയുടെ റബ്ബ് തന്നെ സത്യം!' ശേഷം അദ്ദേഹം വീട്ടിലേക്ക് മടങ്ങുകയും ഒരു മാസത്തോളം രോഗിയായി കിടക്കുകയും ജനങ്ങൾ അദ്ദേഹത്തിന്റെ രോഗവിവരമറിയാൻ സന്ദർശനം നടത്തുകയും ചെയ്തു; അവർക്കറിയില്ലായിരുന്നു എന്താണ് ഉമറിനെ രോഗിയാക്കിയത് എന്ന്.'

**കണ്ണുകളെ ഈറനണിയിക്കും**

പ്രവാചകാനുചരന്മാർ ക്വുർആനിന്റെ വെളിച്ചം ദർശിച്ചപ്പോൾ അവരുടെ നയനങ്ങൾ നനയുകയും തൊലികൾ വിറകൊള്ളുകയും ചെയ്തിരുന്നു.

അബ്ദുല്ലാഹ് ഇബ്നു ഉർവതുബ്നു സുബൈർ ﵁ പറഞ്ഞു: 'ഞാൻ എന്റെ വല്യുമ്മയായ അസ്മാഅ് ബിൻത് അബൂബകറിനോട് ചോദിച്ചു: 'ക്വുർആൻ കേൾക്കുമ്പോൾ സ്വഹാബികളുടെ അവസ്ഥ എങ്ങനെയായിരുന്നു?' അവർ പറഞ്ഞു: 'അല്ലാഹു അവരെ വിശേഷിപ്പിച്ച പോലെ അവരുടെ നയനങ്ങൾ നനയുകയും അവരുടെ തൊലികൾ വിറകൊള്ളുകയും ചെയ്തിരുന്നു' (ശുഅബുൽ ഈമാൻ 1 /347).

സൂറതുൽ ഹദീദിലെ 'വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെ പറ്റിയുള്ള സ്മരണയിലേക്കും അവതരിച്ചുകിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ' എന്ന ആശയം വരുന്ന സൂക്തത്തിന്റെ സ്വാധീനം കാരണമാണ് ഫുദൈലുബ്നു ഇയാദ് എന്ന വ്യക്തി അന്യസ്ത്രീയുമായുള്ള അവിഹിതബന്ധത്തിൽനിന്ന് നിന്ന് പിന്തിരിഞ്ഞത്.

**എതിർക്കാൻ വന്നവർ**

ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഇസ്‌ലാം വ്യാപിച്ച് കൊണ്ടിരുന്നതിൽ വിറളിപൂണ്ട ക്വുറൈശികൾ നബി ﷺ യോട് സംസാരിക്കാനായി അവരിലെ ബുദ്ധിയും വിവേകവും പ്രസംഗപാടവവുമുള്ള അബൂവലീദ് ഉത്ബതുബ്നു റബീഅയെ നിയോഗിച്ചു. അയാൾ നബി ﷺ യോട് കുറെ നേരം സംസാരിച്ചു. നബി ﷺ മൗനമായിരിക്കുകയും ചെയ്തു. അങ്ങനെ അയാൾ സംസാരത്തിൽ നിന്ന് വിരമിച്ചപ്പോൾ അവിടുന്ന് ചോദിച്ചു:' അബൂവലീദ്, താങ്കൾ വിരമിച്ചുവോ?' അയാൾ പറഞ്ഞു: 'അതെ.' 'എങ്കിൽ നിശബ്ദത പാലിക്കൂ' എന്ന് പറഞ്ഞ് അവിടുന്ന് സൂറതുൽ ഫുസ്സിലത്തിന്റെ പ്രാരംഭ ഭാഗം അയാൾക്ക് പാരായണം ചെയ്തു കൊടുത്തു. അങ്ങനെ 'എന്നിട്ട് അവർ തിരിഞ്ഞുകളയുന്ന പക്ഷം നീ പറഞ്ഞേക്കുക; ആദ്, ഥമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കരശിക്ഷ പോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു' എന്ന ആശയം വരുന്ന 13ാം വചനം വരെ എത്തിയപ്പോൾ ഉത്ബ പ്രവാചകന്റെ വായ (പൊത്തി) പിടിക്കുകയും കുടുംബ ബന്ധത്തെക്കുറിച്ച് പറയുകയും ചെയ്തുകൊണ്ട് തന്റെ കുടുംബത്തിലേക്ക് മടങ്ങുകയും ഒരുപാട് ദിവസം ക്വുറൈശികളിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്തു' (അൽവസീത് ലിത്വൻത്വാവി).

ചില റിപ്പോർട്ടുകളിൽ ഇപ്രകാരം കാണാം: "അബൂവലീദ് ഉത്ബതുബ്നു റബീഅ അവരുടെ അടുത്ത് ചെന്നപ്പോൾ അവരിൽ ചിലർ മറ്റു ചിലരോട് പറഞ്ഞു: 'നാം സത്യം ചെയ്യുന്നു! അബുൽ വലീദ് അദ്ദേഹത്തി(പ്രവാചക)ന്റെ അടുത്ത് പോയ പോലെയല്ല നിങ്ങളുടെ അടുത്തേക്ക് തിരിച്ച് വന്നിരിക്കുന്നത്.' അങ്ങനെ അവർ അയാളുമായി സംസാരിക്കാനിരുന്നപ്പോൾ ചോദിച്ചു: 'എന്താണ് താങ്കൾക്ക് സംഭവിച്ചത്?' അയാൾ പറഞ്ഞു: 'നിശ്ചയം! അല്ലാഹു സത്യം! ഞാനൊരു വാക്ക് കേട്ടു, ഞാൻ മുമ്പൊരിക്കലും ഇങ്ങനെയുള്ള ഒരു സംസാരം കേട്ടിട്ടില്ല. അല്ലാഹു സത്യം! അത് സിഹ്റല്ല, കവിതയുമല്ല, ജ്യോൽസ്യവുമല്ല. അല്ലയോ ക്വുറൈശീ സമൂഹമേ, നിങ്ങളെന്നെ അനുസരിക്കുവിൻ. അതെനിക്ക് നൽകൂ. ആ മനുഷ്യനെയും അയാൾ പറയുന്നതിനെയും നിങ്ങൾ വിട്ടേക്കൂ. അദ്ദേഹത്തെ നിങ്ങൾ വിട്ടേക്കൂ. അല്ലാഹു സത്യം! നിശ്ചയം അദ്ദേഹത്തിൽ നിന്ന് ഞാൻ കേട്ട സംസാരത്തിൽ വൃത്താന്തം ഉണ്ട്. അറബികൾ അദ്ദേഹത്തെ ഉപദ്രവിക്കുകയാണെങ്കിൽ നിങ്ങളല്ലാത്തവർ അദ്ദേഹത്തെ നിങ്ങളിൽ നിന്ന് സംരക്ഷിക്കും. അദ്ദേഹം അവരെ അതിജയിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ അധികാരം നിങ്ങളുടെയും അധികാരമാവും. അദ്ദേഹത്തിന്റെ പ്രതാപം നിങ്ങളുടെ പ്രതാപമാവും. നിങ്ങൾ ജനങ്ങളിൽ ഏറ്റവും സൗഭാഗ്യവാന്മാരിയിക്കും.' അപ്പോൾ ക്വുറൈശികൾ പറഞ്ഞു: 'അബുൽവലീദ്! അദ്ദേഹം നാവ്

**മക്കയിലെ മലമടക്കുകളിൽ വീരപുരുഷനായി ഏവരെയും ഭയപ്പെടുത്തി മക്കാനിവാസികളിൽ മേലാളനായി ജീവിച്ചിരുന്ന ഉമർ ﵁ വിന്റെ കട്ടിയുള്ള ഹൃദയത്തെ മൃദുവാക്കിയത് പ്രവാചകൻലയുടെ പ്രാർഥനക്കൊപ്പം വിശുദ്ധ ക്വുർആനിലെ സൂറഃ ത്വാഹായിലെ ഏതാനും ആയത്തുകൾ പ്രസരിപ്പിച്ച വെളിച്ചമാണെന്ന ചരിത്രം പ്രസിദ്ധമാണ്.**

**വിശുദ്ധ ക്വുർആനിൽ നിന്നും തെളിയുന്ന വെളിച്ചമായിരിക്കണം നമ്മുടെ വിശ്വാസവും സ്വഭാവവും കർമങ്ങളും ക്രയവിക്രയവും പെരുമാറ്റവും; അല്ല ജീവിതം മുഴുവനും! പ്രവാചകനും അനുചരന്മാരും ക്വുർആനിന്റെ വെളിച്ചം സ്വീകരിച്ച് ജീവിതം ചിട്ടപ്പെടുത്തിയത് പോലെ നമ്മളും ചിട്ടപ്പെടുത്തുക. ആത്യന്തിക വിജയത്തിന് അതല്ലാതെ വേറെ മാർഗമില്ല.**

കൊണ്ട് താങ്കളെ മാരണം ചെയ്തിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'ഈ കാര്യത്തിൽ എന്റെ അഭിപ്രായം ഇതാണ്. നിങ്ങൾക്ക് തോന്നുന്നത് പ്രവർത്തിക്കുക" (അൽവസീത് ലിത്വൻത്വാവി).

### ജുബൈറുബ്നു മുത്ഇം

ക്വുറൈശികളിലെ പ്രമാണിയും കുടുംബ പരമ്പരയുടെ വിഷയത്തിൽ പണ്ഡിതനുമായിരുന്ന ജുബൈറുബ്നു മുത്ഇം ഇബ്നുഅദിയ്യ്ﷺ പറയുന്നു: "ഞാൻ നബിﷺയുടെ അടുത്തേക്ക് വരികയുണ്ടായി. അവിടുന്ന് മഗ്രിബ് സമയത്ത് സൂറതുത്ത്വൂർ പാരായണം ചെയ്തു. അങ്ങനെ 'അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?' (ത്വൂർ: 35-37) എന്ന ആശയം വരുന്ന വചനങ്ങൾ വരെ എത്തിയപ്പോൾ എന്റെ ഹൃദയം പറന്ന് പോകാറായി" (ബുഖാരി, മുസ്ലിം).

### നജ്ജാശി രാജാവ്

ജഅ്ഫറുബ്നു അബീത്വാലിബ്ﷺ സൂറതു മറ്യമിലെ ആദ്യ വചനങ്ങൾ നജ്ജാശി രാജാവിന്റെയും അവരുടെ പണ്ഡിത പ്രഭുക്കളുടെയും മുന്നിൽ പാരായണം ചെയ്തു. ആ സമയം അവരുടെ താടി നനയുമാറ് അവർ കരയുകയുണ്ടായി. ശേഷം അവരോട് നജ്ജാശി രാജാവ് പറഞ്ഞു: 'നിശ്ചയം, ഇത് ഈസാ കൊണ്ടുവന്ന സ്രോതസ്സിൽ നിന്ന് തന്നെയുള്ളതാണ്' (സീറതുൻ ലി ഇബ്നുഹിശാം).

### ജിന്നുകളെയും സ്വാധീനിച്ചു

വിശുദ്ധ ക്വുർആൻ മനുഷ്യരിൽ മാത്രമല്ല ജിന്ന് സമൂഹത്തിലും പ്രകാശം ചൊരിയുകയും അതി ശക്തമായ സ്വാധീനം ചെലുത്തുകയും ചെയ്ത കാര്യം ക്വുർആൻ എടുത്തുപറയുന്നുണ്ട്.

"ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്). അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി. അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴികാട്ടുന്നു. ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്ന പക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു" (അൽഅഹ്ക്വാഫ്: 29-32).

ആയിരത്തി നാനൂറിൽ പരം വർഷം മുമ്പ് അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആൻ മാനവകുലത്തിന് വെളിച്ചം നൽകി, അവതരിപ്പിക്കപ്പെട്ട അതേരൂപത്തിൽ ഇന്നും നിലനിൽക്കുന്നു; യാതൊരു വിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ തന്നെ! വിമർശിക്കാൻ വേണ്ടി പഠിക്കുന്നവരും അതിന്റെ പ്രകാശത്താൽ സ്വാധീനിക്കപ്പെടുന്നു. അവസാനനാൾ വരെയും അത് വെളിച്ചം പകർന്നുകൊണ്ടേയിരിക്കും.

വിശുദ്ധ ക്വുർആനിൽ നിന്നും തെളിയുന്ന വെളിച്ചമായിരിക്കണം നമ്മുടെ വിശ്വാസവും സ്വഭാവവും കർമങ്ങളും ക്രയവിക്രയവും പെരുമാറ്റവും; അല്ല ജീവിതം മുഴുവനും! പ്രവാചകനും അനുചരന്മാരും ക്വുർആനിന്റെ വെളിച്ചം സ്വീകരിച്ച് ജീവിതം ചിട്ടപ്പെടുത്തിയത് പോലെ നമ്മളും ചിട്ടപ്പെടുത്തുക. ആത്യന്തിക വിജയത്തിന് അതല്ലാതെ വേറെ മാർഗമില്ലെന്നറിയുക. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 77, ഭാഗം: 2

# മുർസലാത്ത് (അയക്കപ്പെടുന്നവ)

മക്കയിൽ അവതരിച്ചത്

أَلَمْ نَخْلُقكُّم مِّن مَّآءٍ مَّهِينٍ ﴿٢٠﴾ فَجَعَلْنَٰهُ فِى قَرَارٍ
مَّكِينٍ ﴿٢١﴾ إِلَىٰ قَدَرٍ مَّعْلُومٍ ﴿٢٢﴾ فَقَدَرْنَا فَنِعْمَ
ٱلْقَٰدِرُونَ ﴿٢٣﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾ أَلَمْ
نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾ أَحْيَآءً وَأَمْوَٰتًا ﴿٢٦﴾
وَجَعَلْنَا فِيهَا رَوَٰسِىَ شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً
فُرَاتًا ﴿٢٧﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٨﴾ ٱنطَلِقُوٓا۟
إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾ ٱنطَلِقُوٓا۟ إِلَىٰ
ظِلٍّ ذِى ثَلَٰثِ شُعَبٍ ﴿٣٠﴾ لَّا ظَلِيلٍ وَلَا يُغْنِى
مِنَ ٱللَّهَبِ ﴿٣١﴾ إِنَّهَا تَرْمِى بِشَرَرٍ كَٱلْقَصْرِ
﴿٣٢﴾ كَأَنَّهُۥ جِمَٰلَتٌ صُفْرٌ ﴿٣٣﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٣٤﴾

20. നിസ്സാരപ്പെട്ട ഒരു ദ്രാവകത്തിൽ നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ?
21. എന്നിട്ട് നാം അതിനെ ഭദ്രമായ ഒരു സങ്കേതത്തിൽ വെച്ചു.
22. നിശ്ചിതമായ ഒരു അവധി വരെ.
23. അങ്ങനെ നാം (എല്ലാം) നിർണയിച്ചു. അപ്പോൾ നാം എത്ര നല്ല നിർണയക്കാരൻ!
24. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.
25. ഭൂമിയെ നാം ഉൾക്കൊള്ളുന്നതാക്കിയില്ലേ?
26. മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും.
27. അതിൽ ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവതങ്ങളെ നാം വെക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കു നാം സ്വച്ഛജലം കുടിക്കാൻ തരികയും ചെയ്തിരിക്കുന്നു.
28. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.
29. (ഹേ, സത്യനിഷേധികളേ,) എന്തൊന്നിനെയായിരുന്നോ നിങ്ങൾ നിഷേധിച്ചു തള്ളിയിരുന്നത് അതിലേക്ക് നിങ്ങൾ പോയിക്കൊള്ളുക.
30. മൂന്ന് ശാഖകളുള്ള ഒരു തരം തണലിലേക്ക് നിങ്ങൾ പോയിക്കൊള്ളുക.
31. അത് തണൽ നൽകുന്നതല്ല. തീജ്വാലയിൽ നിന്ന് സംരക്ഷണം നൽകുന്നതുമല്ല.
32. തീർച്ചയായും അത് (നരകം) വലിയ കെട്ടിടം പോലെ ഉയരമുള്ള തീപ്പൊരി തെറിപ്പിച്ചുകൊണ്ടിരിക്കും.
33. അത് (തീപ്പൊരി) മഞ്ഞനിറമുള്ള ഒട്ടകക്കൂട്ടങ്ങളെപ്പോലെയായിരിക്കും.
34. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

20-21) ഏ, മനുഷ്യരേ, നിങ്ങളെ നാം സൃഷ്ടിച്ചു. (നിസ്സാരപ്പെട്ട ഒരു ദ്രാവകത്തിൽ നിന്ന്). മുതുകെല്ലിന്റെയും നെഞ്ചെല്ലിന്റെയും ഇടയിൽ നിന്ന് വരുന്ന അങ്ങേയറ്റും നിസ്സാരമായത്. അങ്ങനെ അല്ലാഹു അതിനെ (ഭദ്രമായ ഒരു സങ്കേതത്തിൽ വെച്ചു). അതാണ് ഗർഭപാത്രം. അതിലത് തങ്ങുകയും വളരുകയും ചെയ്തു.

22) (നിശ്ചിതമായ ഒരവധിവരെ) ഒരു നിർണിത സമയം.

23) (അങ്ങനെ നാം നിർണയിച്ചു) ആ ഇരുട്ടുകളിൽ ഗർഭസ്ഥശിശുവിനെ നാം നിയന്ത്രിക്കുകയും നിർണയിക്കുകയും ചെയ്തു. ബീജത്തിൽ നിന്നും അതിനെ ഭ്രൂണമാക്കി മാറ്റി. പിന്നീട് അതിനെ മാംസപിണ്ഡമാക്കി. തുടർന്ന് അല്ലാഹു അതിന് ശരീരവും ആത്മാവും നൽകി. അവരിൽ അതിന് മുമ്പ് മരിച്ചുപോകുന്നവരും ഉണ്ട്.

(നാം എത്ര നല്ല നിർണയക്കാരൻ). അല്ലാഹു പരിശുദ്ധനാണെന്നർഥം. തീർച്ചയായും അവന്റെ നിർണയം അവന്റെ യുക്തിജ്ഞാനത്തിൽ നിന്നുള്ളതാണ്. അത് സ്തുത്യർഹവുമാണ്.

24) (അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം)

25-26) നിങ്ങളുടെ ജീവിതത്തിന് സൗകര്യപ്പെടുന്ന രൂപത്തിൽ ഭൂമിയെ നാം കീഴ്പ്പെടുത്തി തന്നതിലൂടെ നാം നിങ്ങൾക്ക് കരുണയും അനുഗ്രഹവും ചെയ്തു. അങ്ങനെ നാം അതിനെ നിങ്ങൾക്ക് (ഉൾക്കൊള്ളുന്നതാക്കി). (ജീവിച്ചിരിക്കുന്നവരെയും) വീടുകളിൽ. (മരിച്ചവരെയും) ക്വബ്റുകളിൽ.

വീടുകളും കൊട്ടാരങ്ങളും അല്ലാഹു അടിമകൾക്ക് നൽകിയ അനുഗ്രഹങ്ങളാണ്. ക്വബ്റുകളും അങ്ങനെ തന്നെ. അത് അവർക്കുള്ള കാരുണ്യമാണ്. ശരീരങ്ങൾ വന്യമൃഗങ്ങൾക്കും മറ്റും ലഭിക്കാതിരിക്കാനുള്ള സംരക്ഷണം കൂടിയാണത്.

27) (അതിൽ ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവതങ്ങളെ നാം വെക്കുകയും ചെയ്തിരിക്കുന്നു) ഭൂമിയിലുള്ളവരെ കൊണ്ട് ഭൂമി ചാഞ്ഞുപോകാതിരിക്കാൻ ഉറച്ചുനിൽക്കുന്ന പർവതങ്ങളെ ഉണ്ടാക്കി. ഉയർന്നു നിൽക്കുന്ന, ഉറച്ചുനിൽക്കുന്ന പർവതങ്ങളെ കൊണ്ട് ഭൂമിയെ ഉറപ്പിച്ചുനിർത്തി. അതായത് നീണ്ടതും വിശാലവുമായ പർവതങ്ങൾ. (നിങ്ങൾക്കു നാം സ്വച്ഛജലം കുടിക്കാൻ തരികയും ചെയ്തിരിക്കുന്നു). തെളിഞ്ഞതും രുചികരവുമായതും. അല്ലാഹു പറയുന്നു:

“ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?”

28) (അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം). അല്ലാഹു അവർക്ക് മാത്രമായും പ്രത്യേകമായും നൽകിയ അനുഗ്രഹങ്ങളെ അവർ നിഷേധിക്കുകയാണ് ചെയ്തത്. നിഷേധികൾക്കും കുറ്റവാളികൾക്കും തയ്യാറാക്കിയ ശിക്ഷയാണിത്. ഉയിർത്തെഴുന്നേൽപ് നാളിൽ അവരോട് പറയപ്പെടും:

29) (നിങ്ങൾ ഏതൊന്നിനെയാണോ നിഷേധിച്ചു തള്ളിയിരുന്നത് അതിലേക്ക് നിങ്ങൾ പോയിക്കൊള്ളുക). പിന്നീട് അല്ലാഹു തന്നെ ഇത് വിശദീകരിക്കുന്നു.

30) (മൂന്ന് ശാഖകളുള്ള ഒരുതരം തണലിലേക്ക് നിങ്ങൾ പോയിക്കൊള്ളുക) മൂന്ന് ശാഖകളായി വേറിട്ടു നിൽക്കുന്ന നരകത്തീയിന്റെ തണലിലേക്ക്. ആ തീക്കഷ്ണങ്ങൾ അവനെ കൈകാര്യം ചെയ്യും. അത് മാറിമാറി വരും. അവനിൽ കേന്ദ്രീകരിക്കും.

31) (അത് തണൽ നൽകുന്നതല്ല). ആ തണൽ. അതായത്, അതിൽ ആശ്വാസമോ സമാധാനമോ ഇല്ല.

(സംരക്ഷണം നൽകുന്നതും അല്ല) അതിൽ താമസിക്കുന്നവന്. (തീ ജ്വാലയിൽ നിന്ന്) ആ ജ്വാല അവനെ വലത്തു നിന്നും ഇടത്തു നിന്നും എല്ലാ ഭാഗങ്ങളിൽ നിന്നും വലയം ചെയ്യും. അല്ലാഹു പറയുന്നു:

“അവർക്ക് അവരുടെ മുകൾ ഭാഗത്ത് തീയിന്റെ തട്ടുകളുണ്ട്. അവരുടെ കീഴ്ഭാഗത്തുമുണ്ട് തട്ടുകൾ. അതിനെ പറ്റിയാകുന്നു അല്ലാഹു തന്റെ ദാസൻമാരെ ഭയപ്പെടുത്തുന്നത്. ആകയാൽ എന്റെ ദാസൻമാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ” (39:16)

“അവർക്ക് നരകാഗ്നിയാലുള്ള മെത്തയും അവരുടെ മീതെക്കൂടി പുതപ്പുകളും ഉണ്ടായിരിക്കും. അപ്രകാരമാണ് നാം അക്രമികൾക്കു പ്രതിഫലം നൽകുന്നത്” (7:41).

തുടർന്ന് പറയുന്നത് നരകത്തിലെ തീപ്പൊരിയുടെ വലുപ്പത്തെക്കുറിച്ചാണ്. അത് നശിച്ച കാഴ്ചയും മോശവും ഭീകരവുമാണ്.

32-33). തീർച്ചയായും അത് (നരകം) വലിയ കെട്ടിടം പോലെ ഉയരമുള്ള തീപ്പൊരി തെറിപ്പിച്ച് കൊണ്ടിരിക്കും. (അത് (തീപ്പൊരി) മഞ്ഞ നിറമുള്ള ഒട്ടകക്കൂട്ടങ്ങളെപ്പോലെയായിരിക്കും).

മഞ്ഞയിലേക്ക് മാറിയ കറുപ്പുനിറം. നരകം ഇരുണ്ടതാണെന്ന് ഇതു മനസ്സിലാക്കിത്തരുന്നു. അതിന്റെ ജ്വാലയും തീപ്പൊരിയും തീക്കട്ടയുമെല്ലാം കറുപ്പ് തന്നെ. കാഴ്ചയിൽ ഏറെ വെറുപ്പുണ്ടാക്കുന്നത്. ചൂട് കഠിനമായത്. അല്ലാഹു അതിൽ നിന്ന് നമുക്ക് സൗഖ്യം നൽകുകയും അതിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് രക്ഷ നൽകുകയും ചെയ്യട്ടെ.

34). (അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം). ●



# നോമ്പോർമയുടെ ലോകാനുഭവങ്ങൾ

ക്രോഡീകരണം: ഷാമില തിരുതാലമ്മൽ, സൗത്ത് കൊറിയ

ലേഖനം

3

## വിയറ്റ്നാം

റിയാസ് അഹ്മദ്

**പ**തിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിന്റെ അധീനതയിലായിരുന്നു വിയറ്റ്നാം. സൗത്ത് വിയറ്റ്നാം, നോർത്ത് വിയറ്റ്നാം എന്നിങ്ങനെ രണ്ട് രാജ്യങ്ങൾ ആയിട്ടായിരുന്നു അന്ന് യഥാർഥത്തിൽ ഇന്നത്തെ വിയറ്റ്നാം പ്രദേശങ്ങൾ. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഫ്രാൻസിൽനിന്ന് മോചനം ലഭിച്ചു. നോർത്ത്-സൗത്ത് യുദ്ധത്തിനുശേഷം ഇന്നത്തെ വിയറ്റ്നാം രൂപീകരിക്കപ്പെട്ടു. 11 ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെട്ട, ഏകദേശം 20 വർഷം നീണ്ടുനിന്ന കുപ്രസിദ്ധ യുദ്ധമാണ് വിയറ്റ്നാം യുദ്ധം.

ഇവിടെ സ്വഹാബിമാരുടെ കാലഘട്ടത്തിൽതന്നെ മുസ്‌ലിംകൾ എത്തിയിട്ടുണ്ട് എന്ന് ചരിത്രം പറയുന്നു. ഉസ്മാൻﷺ ഖലീഫയായിരുന്ന കാലത്ത് ചൈനയിലേക്ക് ഒരു സംഘത്തെ പ്രബോധനത്തിനായി അയച്ചിരുന്നു. ആ സംഘം ഇന്നത്തെ വിയറ്റ്നാം പ്രദേശങ്ങളിലും എത്തിയിരുന്നു. എങ്കിലും മറ്റു പ്രദേശങ്ങളിലെ പോലെ വിയറ്റ്നാമിൽ ഇസ്‌ലാം അധികം വ്യാപിച്ചിരുന്നില്ല. ഇന്ന് അവിടത്തെ മുസ്‌ലിംകളിൽ ഭൂരിഭാഗവും പരമ്പരാഗത വിഭാഗമായ 'ചാം' എന്ന വിഭാഗത്തിൽ പെടുന്നവരാണ്. ഈ വിഭാഗത്തിൽ ഹിന്ദുക്കളും മുസ്‌ലിംകളുമാണ് കൂടുതൽ. മാത്രമല്ല വിയറ്റ്നാം യുദ്ധത്തിന്റെ സമയത്ത് 'ചാം' വിഭാഗത്തിന് ഒരു പ്രത്യേക രാഷ്ട്രം വേണമെന്ന ആവശ്യം ഉന്നയിച്ച് നോർത്ത് വിയറ്റ്നാമിനോടും സൗത്ത് വിയറ്റ്നാമി

നോടും ഒരേസമയം ഇവർ യുദ്ധം ചെയ്തിരുന്നു. അത് പക്ഷേ, പരാജയപ്പെട്ടു. ഇന്നത്തെ വിയറ്റ്നാമിൽ മുസ്‌ലിം ജനസംഖ്യ ഒരു ശതമാനത്തിലും കുറവാണ്. ആകെ 64000 മുസ്‌ലിംകളാണ് അവിടെയുള്ളത്.

പിന്നെ ജോലിക്ക് വന്ന വിദേശികളായ മുസ്‌ലിംകളുമുണ്ട്. ഹനൂയ് സിറ്റിയിൽ 'അൽ-നൂർ' എന്ന് പേരുള്ള ഒരു പള്ളിയുണ്ട്. 1890ൽ നിർമിക്കപ്പെട്ടതാണ് ഇത്. എംബസി അവിടെയായതിനാൽ അറബ് നാടുകളിൽനിന്നുള്ള എംബസി ഉദ്യോഗസ്ഥരും കുടുംബവും മറ്റു വിദേശ മുസ്‌ലിംകളുമൊക്കെയാണ് കാര്യമായിട്ട് പള്ളിയിൽ ഉണ്ടാകാറുള്ളത്. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ആഫ്രിക്കൻ മുസ്‌ലിംകളും പള്ളിയിൽ വരാറുണ്ട്. പരമാവധി 100 പേരെ ഉൾക്കൊള്ളാൻ മാത്രമെ പള്ളിക്ക് വിശാലതയുള്ളൂ.

ഒരു ദിവസം നോമ്പുതുറക്ക് അവിടെ ചെന്നപ്പോൾ ഈജിപ്ഷ്യൻ എംബസിയുടെ വകയായിരുന്നു ഭക്ഷണം. വിയറ്റ്നാംകാരുടെ ഭക്ഷണം റൈസ്, ന്യൂഡിൽസ് തുടങ്ങിയവയാണ്. ഈ പള്ളിയിൽ വിയറ്റ്നാം ഭാഷയിലാണ് ഖുത്വുബ നടക്കാറുള്ളത്. നോമ്പിന് തറാവീഹിന് പതിനൊന്ന് റക്അത്തിൽ പത്ത് റക്അത്ത് ജമാഅത്തായി നമസ്കരിക്കും. ബാക്കി ഇടയത്താഴത്തിന് എഴുന്നേൽക്കുമ്പോൾ വീട്ടിൽ വച്ച് നമസ്കരിക്കാൻ ഇമാം പറയും.

പന്നിയിറച്ചി ഈ നാട്ടിലെ പ്രധാന ഭക്ഷണമാണ്. അതുകൊണ്ട് റൂമിൽ സ്വയം ഭക്ഷണമുണ്ടാക്കി കഴിക്കാറാണ് പതിവ്. ഇസ്‌ലാമികമായി ആഴത്തിൽ അറിവുള്ള പണ്ഡിതന്മാർ ഇല്ല. നന്നായി അറബി അറിയുന്ന ഇമാമുമാരും ഇല്ല.

രാജ്യത്ത് കർശനമായ നിയമങ്ങളാണുള്ളത്. പബ്ലിക് ആയി പ്രബോധനപ്രവർത്തനങ്ങൾ നടത്താൻ പറ്റില്ല. തദ്ദേശീയർ മതവിശ്വാസികൾക്ക് എതിരല്ല എങ്കിലും അവർക്ക് സ്വന്തമായി മതവിശ്വാസമോ ആരാധനാകർമങ്ങളോ ഇല്ല. ഉള്ളവർ തന്നെ ആരാധന നടത്താറുമില്ല. അതുകൊണ്ടു തന്നെ ഇസ്‌ലാമിനെപ്പറ്റി ഒട്ടും ധാരണയില്ല. അടുത്തുള്ള മുസ്‌ലിം രാഷ്ട്രം മലേഷ്യ ആയതുകൊണ്ട് ഇവിടുത്തെ മുസ്‌ലിംകൾക്ക് അടുപ്പം മലേഷ്യയോടാണ്. പ്രത്യേകിച്ചൊരു ജീവിതലക്ഷ്യവും ഇല്ലാത്തവരാണ് മിക്കവരും. രാവിലെ എഴുന്നേൽക്കുക, ജോലിക്ക് പോവുക, തിരിച്ചുവരിക, ഉറങ്ങുക! ഇതാണ് അവരുടെ ജീവിതം. ഇങ്ങനെയുള്ളവർക്കിടയിൽ പ്രബോധനം നടത്തിയാൽ അവർ അത് പെട്ടെന്ന് സ്വീകരിക്കാനുള്ള സാധ്യതയുണ്ട്. പക്ഷേ, അതിനുള്ള സാഹചര്യങ്ങളും അവസരങ്ങളും അനുയോജ്യമല്ല.

## ലക്ഷദ്വീപ്

### അബ്ദുൽ അഹദ്

കേരള തീരത്തുനിന്ന് 450 കി.മീ. പടിഞ്ഞാറ് മാറി അറബിക്കടലിന്റെ വിരിമാറിൽ വെളുത്ത മുത്തുമണികൾ കണക്കെ ചിതറിക്കിടക്കുന്ന 33ൽ താഴെ എണ്ണം വരുന്ന ചെറിയ മണൽത്തുരുത്തുകളാണ് ലക്ഷദ്വീപ്. ഇതിൽ 10 ദ്വീപുകളിൽ മാത്രമാണ് ജനവാസമുള്ളത്. ബാക്കിയുള്ളവ കുറ്റിക്കാടുകൾ നിറഞ്ഞവയും വേലിയേറ്റത്തിൽ മുങ്ങിപ്പോകുന്നവയുമാണ്. 300 ആളുകൾ മാത്രം വസിക്കുന്ന ദ്വീപാണ് ഏറ്റവും ചെറുത്. വലിയ ദ്വീപിൽ ഏകദേശം 12000 ഓളം ആളുകൾ വരും. എല്ലാവർക്കും പരസ്പരം അറിയാം. 100% മുസ്‌ലിംകളാണ്. ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്ര ഭരണ പ്രദേശം.

2011 ലെ സെൻസസ് അനുസരിച്ച് ലക്ഷദ്വീപിൽ മൊത്തം 64000 ൽ പരം ആളുകൾ ഉണ്ട്. പ്രകൃതി മനോഹരമായ ലക്ഷദ്വീപ് കടലും കടൽക്കാഴ്ചകളും ഇഷ്ടപ്പെടുന്ന വിനോദ സഞ്ചാരികളുടെ പറുദീസയാണ്.

ലക്ഷദ്വീപിലേക്കുള്ള പ്രവേശനം ഇന്ത്യാ ഗവൺമെന്റ് നിയമം മൂലം നിയന്ത്രിച്ചിരിക്കുകയാണ്. ലക്ഷദ്വീപ് ഗവൺമെന്റിന്റെ പ്രത്യേക പ്രവേശനാനുമതി കിട്ടിയാലേ ഇവിടേക്ക് പ്രവേശനം ലഭിക്കൂ. മദ്യം, മയക്കുമരുന്ന് പോലുള്ളവ നിയമം മൂലം നിരോധിച്ചിരിക്കുന്നു. ദ്വീപുകളെ വൻകരകളുമായി ബന്ധിപ്പിക്കുന്നത് കപ്പൽമാർഗവും വിമാനമാർഗവുമാണ്.

മുജാഹിദ്, സുന്നി, ജമാഅത്തെ ഇസ്‌ലാമി എന്നിങ്ങനെ പല സംഘടനകളുടെ അനുയായികളും ഇവിടെയുണ്ട്. എങ്കിലും പരസ്പരം സൗഹാർദത്തിലാണ് ജീവിക്കുന്നത്. മതത്തിന്റെ പേരിലുള്ള കലാപങ്ങൾ ഉണ്ടാവാറില്ല. കുറ്റവാളികൾ ഇല്ലാത്തതിനാൽ ദ്വീപുകളിലെ പൊലീസ് സ്റ്റേഷനിലെ സെല്ലുകൾ സ്റ്റോർ റൂം ആയിട്ടാണ് ഉപയോഗിക്കാറ്.

മാസപ്പിറവിയുടെ കാര്യത്തിൽ ആളുകൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർക്ക് ദ്വീപിൽ തന്നെ മാസം കാണണമെന്ന് നിർബന്ധമാണ്. ചിലർ കേരളത്തിൽ കണ്ടാൽ സ്വീകരി

ക്കും. എന്നാൽ 50 കി.മീ. അപ്പുറത്ത് മാസപ്പിറവി കണ്ടാൽ പോലും സ്വീകരിക്കാത്തവരുമുണ്ട്. റമദാനിൽ ദ്വീപിൽ ദ്വുഹ്റിന് ശേഷമെ കടകൾ തുറക്കൂ. ഹോട്ടലുകളിൽ ഭക്ഷണം കിട്ടില്ല. അത്കൊണ്ടു തന്നെ അമുസ്ലിംകളായ അന്യരാജ്യ തൊഴിലാളികൾ റമദാനിൽ ദ്വീപിൽ ജോലി ചെയാൻ വരാറില്ല. പ്രധാന ഉപജീവന മാർഗം മീൻപിടുത്തവും തെങ്ങ് കൃഷിയുമാണ്. എന്നാൽ റമദാനിൽ വാണിജ്യാവശ്യത്തിനായി മീൻ പിടിക്കാൻ ആരും പോകാറില്ല. നാട്ടുകാരുടെ അന്നന്നുള്ള ആവശ്യത്തിനുള്ള മീൻ മാത്രമാണ് അവർ പിടിക്കാറ്. 14 മണിക്കൂറാണ് നോമ്പിന്റെ ദൈർഘ്യം.

കൊച്ചി, മംഗലാപുരം, ബേപ്പൂർ തുറമുഖങ്ങളോട് ദ്വീപിന് അടുത്ത ബന്ധമുണ്ട്. തേങ്ങയും മീനുമൊഴികെ ദ്വീപുകാർക്കാവശ്യമായ എല്ലാ വസ്തുവകകളും ഈ തുറമുഖങ്ങൾ വഴിയാണ് വരാറ്. അരി, പച്ചക്കറി, പഴവർഗങ്ങൾ, പലവ്യഞ്ജനങ്ങൾ, മരുന്നുകൾ എല്ലാം കപ്പൽ വഴി എത്തിയാലേ ഇവരുടെ ജീവിതം മുന്നോട്ടു പോകൂ. ഇന്ന് 17 കപ്പലുകൾ ദ്വീപ് ഭരണകൂടത്തിനുണ്ട്. നോമ്പിന് സ്വുബ്ഹി കഴിഞ്ഞാൽ നാടുറങ്ങും. പിന്നെ ദ്വുഹ്റിനോടടുത്തേ ഉണരൂ. ഗവൺമെന്റ് ഓഫീസുകൾ കൃത്യസമയത്തു തന്നെ തുറന്നാലും നാട്ടുകാർ സേവനത്തിന് എത്തില്ല. വനിതാ ജീവനക്കാരെ രണ്ടോ മൂന്നോ മണിക്കൂർ മുമ്പ് തന്നെ വീട്ടിലേക്ക് വിടും; ഭക്ഷണം പാകം ചെയ്യാനാണിത്.

നോമ്പുതുറക്ക് വിഭവങ്ങളുടെ കോലാഹലമാണ്. പൊരിച്ചതും കരിച്ചതും ചുട്ടതുമെല്ലാം കാണും. മിക്കതിനും മീനായിരിക്കും മുഖ്യം. പുതുതലമുറയിലെ യുവത നോമ്പുതുറ വിഭവങ്ങളുമായി കടൽ തീരത്തു ചെന്നിരുന്ന് സുഹൃത്തുക്കളുമായി ചേർന്ന് നോമ്പുതുറക്കും. പരസ്പരം പങ്കിട്ട് കഴിക്കും. ഇളനീർ നോമ്പുതുറക്ക് എന്തായാലും കാണും. തറാവീഹിന് പള്ളികൾ സജീവമായിരിക്കും. ചിലർ പുറത്തു നിന്നുള്ളവരെ ഇമാമായി കൊണ്ടു വരും. ദ്വീപുകാർ നല്ല ശമ്പളവും കൊടുക്കും. അവസാനത്തെ പത്തിൽ പെരുന്നാൾ പുടവയെടുക്കാനുള്ള തിരക്കാണ്. കടകളുടെ എണ്ണം കുറവാണ്. കപ്പൽ വരുന്നതിനനുസരിച്ച് പുതിയ കളക്ഷനുകൾ എത്തും. പടക്ക വിൽപനക്ക് നിരോധനമുണ്ടെങ്കിലും കടക്കാർ വിൽക്കാറുണ്ട്. ആൺകുട്ടികൾക്ക് പെരുന്നാൾ എന്നാൽ പടക്കം പൊട്ടിക്കലാണ്. പെൺകുട്ടികൾക്ക് മൈലാഞ്ചിയിടലും ഉമ്മമാർക്ക് അടുക്കളയിലെ പാചകക്കാര്യവുമാണ് പെരുന്നാൾ. ചെറുപ്പക്കാർക്ക് പുതുവസ്ത്രം നാട്ടുകാരെ കാണിക്കാനായി ബൈക്കിൽ നാടുചുറ്റലാണ് പെരുന്നാൾ.

peaceradio
Tune to reality

## ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**റമദാൻ പ്രഭാഷണം**
**തൗബയുടെ നിബന്ധനകൾ**
**ശുറൈഹ് സലഫി**
27.05.19 തിങ്കൾ 1:00 PM

**ഇൻസൈറ്റ്**
**ഖുർആൻ എന്ന തെളിവ്**
**ഇഖ്ബാൽ കൊല്ലം**
27.05.19 തിങ്കൾ 6:30 PM

**ഹൃദയവസന്തം**
**സൂറ: ജുമുഅ 3,4,5**
**ശുറൈഹ് സലഫി**
27.05.19 തിങ്കൾ 7:45 PM

**പ്രകാശതീരം**
**ആശ്വാസമേകുന്ന ഭാര്യ**
27.05.19 തിങ്കൾ 9:00 PM

**ആരോഗ്യ വിചാരം**
**കിഡ്നിയും അനുബന്ധ രോഗങ്ങളും 4**
**ഡയാലിസിസ് എന്ത്, എന്തിന്?**
**ഡോ. വിനു ഗോപാൽ**
**ഡോ. അബ്ദുൽ മാലിക്**
**(പീസ് റേഡിയോ പ്രതിനിധി)**
27.05.19 തിങ്കൾ 9:25 PM


**ഹൃദയവസന്തം**
**ജമാഅത്ത് നമസ്കാരത്തിന് പങ്കെടുക്കാതിരുന്നാൽ**
**(സൂറ: ഖലം 42,43)**
29.05.19 ബുധൻ 07:45 PM

**ആരോഗ്യ വിചാരം**
**കിഡ്നിയും അനുബന്ധ രോഗങ്ങളും: 4**
**കിഡ്നി തകരാർ ജീവിതത്തിന്റെ അന്ത്യമോ?**
**ഡോ. വിനു ഗോപാൽ, ഡോ. അബ്ദുൽ മാലിക്**
**(പീസ് റേഡിയോ പ്രതിനിധി)**
30.05.2019 വ്യാഴം, 08:20 PM

ലേഖനം

മുഹമ്മദ് നബിﷺ: 23

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# മസ്ജിദുന്നബവിയുടെ നിർമാണം

നബിﷺ മദീനയിൽ എത്തിയതിനുശേഷം ഒരു ഇസ്‌ലാമിക ഭരണം നിലവിൽ വന്നത് മൂന്ന് കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ്. മസ്ജിദുന്നബവിയുടെ നിർമാണം, മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ സാഹോദര്യം ഉണ്ടാക്കൽ, മദീനക്കാരുമായുള്ള കരാർ എന്നിവയാണാ മൂന്ന് കാര്യങ്ങൾ. അതിൽ ഒന്നാമത്തെതായ മസ്ജിദുന്നബവിയുടെ നിർമാണത്തെക്കുറിച്ച് നമുക്ക് അൽപം കാര്യങ്ങൾ മനസ്സിലാക്കാം.

മദീനയിലേക്ക് നബിﷺ പ്രവേശിച്ചതിനു ശേഷം ആദ്യമായി ചെയ്തത് അവിടെ പള്ളി ഉണ്ടാക്കുക എന്നതായിരുന്നു. സഹ്ൽ, സുഹൈൽ എന്നീ രണ്ടു കുട്ടികളിൽ നിന്നും പണം കൊടുത്ത് വാങ്ങിയ സ്ഥലത്താണ് മസ്ജിദുന്നബവി ഉണ്ടാക്കുന്നത്. സ്വഹാബികളും നബിﷺയും ഒന്നിച്ച് കല്ല് ചുമന്നുകൊണ്ടുവന്ന് കൊണ്ടാണ് പള്ളിയുടെ നിർമാണം നടത്തിയത്. ആ സ്ഥലത്തുണ്ടായിരുന്ന മുശ്‌രിക്കുകളുടെ പഴയ ക്വബ്‌റുകൾ മാന്തിക്കളയുകയും തകർന്നു കിടക്കുന്ന പഴയ വീടുകൾ നിരപ്പാക്കുകയും ഈത്തപ്പന മരങ്ങൾ മുറിച്ചു കളയുകയും ചെയ്തു എന്ന് നമ്മൾ മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഏതാണ്ട് 12 ദിവസത്തെ അധ്വാനം കൊണ്ടാണ് മസ്ജിദുന്നബവിയു

ടെ നിർമാണം പൂർത്തിയാകുന്നത്. വളരെ ചെറിയ രൂപത്തിലുള്ള ഒരു പള്ളിയായിരുന്നു അന്ന് നിർമിച്ചത്. ഈത്തപ്പനയുടെ തടി കൊണ്ടുള്ള തൂണുകളും പട്ടകൾ കൊണ്ടുള്ള മേൽക്കൂരയും മണൽ നിറക്കപ്പെട്ട അടിഭാഗവും ആയിരുന്നു അന്ന് ഉണ്ടായിരുന്നത്. പള്ളിയുടെ ക്വിബ്‌ലയുടെ ഭാഗം മുതൽ അതിന്റെ പിൻഭാഗം വരെ നൂറു മുഴം നീളവും തത്തുല്യമായതോ അതിൽ നിന്നും അൽപം കുറവുള്ളതോ ആയ വീതിയും ആയിരുന്നു ഉണ്ടായിരുന്നത്. പള്ളിയുടെ നിർമാണം പൂർത്തിയായതിനുശേഷം പള്ളിക്കു ചുറ്റും നബി ﷺ യുടെ ഭാര്യമാർക്കുള്ള റൂമുകൾ ഉണ്ടാക്കപ്പെട്ടു. ഈത്തപ്പനയുടെ തടിയും പട്ടകളും തന്നെയാണ് ഈ റൂമുകളുടെ നിർമാണത്തിനും ഉപയോഗിച്ചത്. രണ്ട് വീടുകളാണ് അന്ന് ഉണ്ടാക്കിയത്. ഒന്ന് സൗദ ؓ ക്കും മറ്റൊന്ന് ആഇശ ؓ ക്കും.

ജനങ്ങൾ വർധിക്കുകയും പള്ളി ഇടുങ്ങിപ്പോകുകയും ചെയ്യുന്ന ഒരു അവസ്ഥ ഉണ്ടാകുന്നത് വരെ ഇതേ നിലയിൽ തന്നെ തുടർന്നു. ഖൈബർ യുദ്ധത്തിനു ശേഷമാണ് ജനങ്ങൾ വർധിച്ച സാഹചര്യമുണ്ടായത്. ആ സന്ദർഭത്തിൽ ഉസ്മാനുബ്നു അഫ്ഫാൻ ؓ പണം കൊടുത്തു വാങ്ങിയ സ്ഥലം കൂടി നബി ﷺ പള്ളിയിലേക്ക് കൂട്ടിച്ചേർത്തു. അങ്ങനെ പള്ളി വിശാലമാക്കുകയും ചെയ്തു. നബി ﷺ തന്നെയായിരുന്നു ജനങ്ങൾക്ക് ഇമാമായി നിന്നിരുന്നത്. പള്ളിയിലുണ്ടായിരുന്ന ഒരു ഈത്തപ്പന മരത്തിന്റെ കുറ്റിയിൽ ചാരിനിന്നു കൊണ്ടാണ് നബി ﷺ ഖുത്വുബ നിർവഹിച്ചിരുന്നത്. ജാബിർ ഇബ്നു അബ്ദുല്ല ؓ പറയുന്നു: "വെള്ളിയാഴ്ച ദിവസം നബി ﷺ ഒരു ഈത്തപ്പന മരത്തിലേക്ക് അവലംബമർപ്പിച്ചുകൊണ്ടാണ് ഖുത്വുബ പറഞ്ഞിരുന്നത്. അപ്പോൾ അൻസ്വാറുകളിൽ പെട്ട ഒരു സ്ത്രീ (അല്ലെങ്കിൽ ഒരു പുരുഷൻ) പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ; ഞങ്ങൾ താങ്കൾക്ക് ഒരു മിമ്പർ ഉണ്ടാക്കി തരട്ടെയോ?' നബി ﷺ പറഞ്ഞു: 'നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഉണ്ടാക്കിക്കൊള്ളുക.' അങ്ങനെ അവർ നബി ﷺ ക്കുവേണ്ടി ഒരു മിമ്പർ ഉണ്ടാക്കി. അടുത്ത വെള്ളിയാഴ്ച വന്നപ്പോൾ പുതിയ മിമ്പറിലേക്കാണ് നബി ﷺ നീങ്ങിയത്. അപ്പോൾ ആദ്യമുണ്ടായിരുന്ന ഈത്തപ്പനമരം ഉച്ചത്തിൽ കരയാൻ തുടങ്ങി. ഉടനെ നബി ﷺ മിമ്പറിൽനിന്നുമിറങ്ങി അതിനെ തന്നിലേക്ക് അണച്ചുപിടിച്ചു. ചെറിയ കുട്ടികൾ കരയുന്നതുപോലെ തേങ്ങിക്കരയുകയായിരുന്നു അത്. നബി ﷺ അതിനെ ശാന്തപ്പെടുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'അതിന്റെ അടുത്ത് നിന്നുകൊണ്ട് നിർവഹിക്കുന്ന ഉൽബോധനം കേട്ടുകൊണ്ട് അത് കരയുകയായിരുന്നു' (ബുഖാരി: 3584).

പള്ളിയുടെ നിർമാണത്തിന് മുമ്പ് എവിടെ വെച്ചാണോ നമസ്കാരത്തിന്റെ സമയം ആകുന്നത് അവിടെ വെച്ച് നബി ﷺ നമസ്കരിച്ചിരുന്നു. പള്ളികൾക്ക് ഇസ്‌ലാമിൽ വലിയ പ്രാധാന്യമുണ്ട് എന്നുള്ളതുകൊണ്ടാണ് മദീനയിലെത്തിയ ഉടനെ ആദ്യമായി പള്ളി നിർമിച്ചത്. സ്വന്തത്തിനു വേണ്ടി വീടുപോലും നിർമിക്കുന്നതിന് മുമ്പായിരുന്നു പള്ളിയുടെ നിർമാണം. ഇസ്‌ലാമിൽ പള്ളിയുടെ പ്രാധാന്യത്തെ ഈ സംഭവം അറിയിക്കുന്നു. പള്ളികൾക്ക് നിർവഹിക്കുവാനുള്ള ഒരുപാട് ദൗത്യങ്ങൾ ഉണ്ട്.

(എ) ആരാധന: ജമാഅത്ത് നമസ്കാരം, ഇഅ്തികാഫ്, ക്വുർആൻ പാരായണം തുടങ്ങിയ ആരാധനകളുടെ കേന്ദ്രമാണ് പള്ളി. (ബി) ഉൽബോധനം: ഉപദേശങ്ങൾ, മതപഠന ക്ലാസുകൾ, ക്വുർആൻ പഠനം, ഫത്‌വ നൽകൽ തുടങ്ങിയവയും പള്ളികളിൽ നിർവഹിക്കപ്പെടേണ്ടുന്ന ദൗത്യങ്ങളാണ്. (സി) സാമൂഹിക വിഷയങ്ങൾ: ദരിദ്രർക്ക് അഭയം നൽകാൻ ആവശ്യമായ കാര്യങ്ങൾ നിർവഹിക്കൽ, അന്യരായി കടന്നു വരുന്ന അതിഥികളെ സ്വീകരിക്കൽ, മുസ്‌ലിംകളായ ആളുകളുടെ ഒന്നിക്കൽ തുടങ്ങി പരസ്പര സ്നേഹവും സാഹോദര്യവും ബന്ധങ്ങളും നിലനിർത്താനാവശ്യമായ കാര്യങ്ങളെല്ലാം പള്ളികളിൽ വെച്ച് നടത്തപ്പെടാവുന്നതാണ്.

പള്ളി നിർമാണത്തിൽ സ്വഹാബികളോടൊപ്പം നബി ﷺ യും പങ്കെടുത്തു എന്നത് അദ്ദേഹത്തിന്റെവിനയത്തെയാണ് അറിയിക്കുന്നത്. പ്രതിഫലം ലഭിക്കാൻ ആവശ്യമായ കാര്യങ്ങളിൽ നബി ﷺ യും പങ്കുചേരണമെന്നും അദ്ദേഹം അങ്ങനെ പ്രതിഫലം ആഗ്രഹിച്ചു എന്നും ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം. മാത്രമല്ല എല്ലാ നന്മകളിലും നബി ﷺ മറ്റുള്ള ആളുകൾക്ക് മാതൃകയാണ് എന്നു കൂടി ഇതിലൂടെ വ്യക്തമാക്കി കൊടുക്കുകയായിരുന്നു. ഒരു നന്മയിലേക്ക് മറ്റൊരു മുസ്‌ലിമിനെ ക്ഷണിക്കുമ്പോൾ ആ വിഷയത്തിൽ മുന്നിട്ടിറങ്ങേണ്ടത് ക്ഷണിക്കുന്ന വ്യക്തിയാണ് എന്നുള്ള വലിയൊരു അധ്യാപനമായിരുന്നു ഇതിലൂടെ സ്വഹാബികൾക്ക് നബി ﷺ പകർന്നു നൽകിയത്. നബിയും സ്വഹാബികളും ചേർന്ന് ഉണ്ടാക്കിയ ഈ പള്ളി മഹത്ത്വത്തിന്റെ വിഷയത്തിലും മറ്റു പള്ളികളിൽ നിന്നും വ്യത്യസ്തമാണ്. മറ്റു പള്ളികളിൽ നിർവഹിക്കുന്ന നമസ്കാരത്തെക്കാൾ ആ

യിരം മടങ്ങ് പ്രതിഫലം ഈ പള്ളിയിലുള്ള നമസ്കാരത്തിനുണ്ട്. (ബുഖാരി 1190, മുസ്‌ലിം 1394).

അബൂസഈദുൽ ഖുദ്‌രി ﷺ പറയുന്നു: "ഞാൻ ഒരിക്കൽ നബിﷺയുടെ അടുക്കലേക്ക് പ്രവേശിച്ചു. അദ്ദേഹം തന്റെ ഭാര്യമാരിൽ ഒരാളുടെ വീട്ടിലായിരുന്നു. ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഏത് പള്ളിയാണ് തക്‌വയുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കപ്പെട്ട പള്ളി?' ഈ സന്ദർഭത്തിൽ നബിﷺ തന്റെ കൈയിൽ അൽപം ചരൽക്കല്ല് വാരിയെടുത്തു. എന്നിട്ട് അത് നിലത്തേക്കെറിഞ്ഞു കൊണ്ട് പറഞ്ഞു: നിങ്ങളുടെ ഈ പള്ളി" (മുസ്‌ലിം: 1398).

"...ആദ്യദിവസം തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധി കൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു" (അത്തൗബ 108).

പ്രത്യേക പുണ്യം ഉദ്ദേശിച്ചുകൊണ്ട് മൂന്ന് പള്ളികളിലേക്കല്ലാതെ യാത്രപോകൽ അനുവദനീയമല്ല എന്ന് നബിﷺ നിർദേശിച്ചിട്ടുണ്ട്. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്സ്വാ എന്നിവയാകുന്നു ആ മൂന്നു പള്ളികൾ. (ബുഖാരി: 1189, മുസ്‌ലിം: 1397).


### മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ സാഹോദര്യമുണ്ടാക്കൽ

പള്ളി നിർമാണ ശേഷം നബിﷺ മുഖ്യമായി നിർവഹിച്ച ദൗത്യം മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ സാഹോദര്യം ഉണ്ടാക്കലായിരുന്നു. മുഹാജിറുകൾ മദീനയിൽ വന്നിറങ്ങിയതിന് ശേഷം ഏകാന്തതയുടെ പ്രയാസം അവർക്ക് ഇല്ലാതാക്കുവാൻ വേണ്ടി അൻസ്വാറുകൾക്കും അവർക്കുമിടയിൽ നബിﷺ സാഹോദര്യം ഉണ്ടാക്കി. കുടുംബങ്ങളെയും സ്വന്തം രാജ്യത്തെയും വിട്ട് വന്നവരാണവർ. അതുകൊണ്ട് തന്നെ അവർക്കിടയിൽ ശക്തമായ ഒരു ബന്ധവും സ്നേഹവും ഉണ്ടാക്കിയെടുക്കുകയാണ്. മുഹാജിറുകളിൽ തന്നെ ചിലർ അൻസ്വാറുകളെക്കാൾ സാമ്പത്തിക ശേഷി ഉള്ളവരായിരുന്നു. അതിനാൽ അവരിൽ ചിലർക്ക് ചിലരെ സഹോദരന്മാരായി നിശ്ചയിച്ചു കൊടുത്തു. ഹംസ ഇബ്നു അബ്ദുൽ മുത്ത്വലിബും സൈദ് ഇബ്നു ഹാരിസയും അങ്ങനെയാണ് മദീനയിൽ സഹോദരങ്ങളായത്. സുബൈർ ഇബ്നുൽ അവ്വാമും അബ്ദുല്ലാഹിബ്നു മസ്ഊദും പരസ്പര സഹോദരങ്ങളായി. (അദബുൽ മുഫ്റദ്: 442).

ഇതിനുശേഷമാണ് മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ സാഹോദര്യ ബന്ധങ്ങൾ ഉണ്ടാക്കിയത്. മക്കയുടെ വ്യത്യസ്ത താഴ്‌വരകളിൽ നിന്നാണ് മുഹാജിറുകൾ മദീനയിലേക്ക് വന്നത്. അവരുടെ കൂടെ സമ്പത്തില്ല, കുടുംബവും ഇല്ല. മുമ്പ് പരിചയം പോലുമില്ലാത്ത ഒരു സമൂഹത്തിലേക്കാണ് അവർ വന്നിട്ടുള്ളത്. അൻസ്വാറുകളാകട്ടെ യുദ്ധത്തിന്റെ രക്തക്കറകൾ പോലും ഉണങ്ങിയിട്ടില്ലാത്ത ആളുകളായിരുന്നു. അവർക്കിടയിൽ ഛിദ്രതയും ഭിന്നതകളും ഉണ്ടായിരുന്നു. പക്ഷേ, അല്ലാഹു അവന്റെ കാരുണ്യം കൊണ്ട് അവരുടെയെല്ലാം ഹൃദയങ്ങളെ വിശ്വാസത്താൽ പരസ്പരം ബന്ധിപ്പിച്ചു:

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻ വേണ്ടി" (ആലു ഇംറാൻ: 103).

അനസുബ്നു മാലിക്ﷺവിന്റെ വീട്ടിൽ വെച്ചാണ് ഈ ദൗത്യം നിർവഹിച്ചത്. 90 പേരാണ് അവർ ഉണ്ടായിരുന്നത്. അതിൽ പകുതി മുഹാജിറുക



ളും പകുതി അൻസ്വാറുകളും ആയിരുന്നു. സത്യത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ബന്ധങ്ങൾ അവർക്കിടയിൽ ഉണ്ടാക്കി. കുടുംബ ബന്ധങ്ങൾ ഇല്ലാതെ തന്നെ അനന്തരസ്വത്ത് നൽകണമെന്ന ഉപദേശവും അവർക്ക് നൽകി. അങ്ങനെ ഇസ്‌ലാം ശക്തി പ്രാപിക്കുകയും അവരുടെ ഐക്യം ശക്തിപ്പെടുകയും ഏകാന്തത ഇല്ലാതെയാവുകയും ചെയ്തപ്പോൾ അല്ലാഹു ഇപ്രകാരം ആയത്തിറക്കി:

"അതിന് ശേഷം വിശ്വസിക്കുകയും സ്വദേശം വെടിയുകയും നിങ്ങളോടൊപ്പം സമരത്തിൽ ഏർപെടുകയും ചെയ്തവരും നിങ്ങളുടെ കൂട്ടത്തിൽ തന്നെ. എന്നാൽ രക്തബന്ധമുള്ളവർ അല്ലാഹുവിന്റെ രേഖയിൽ (നിയമത്തിൽ) അന്യോന്യം കൂടുതൽ ബന്ധപ്പെട്ടവരാകുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (അൽഅൻഫാൽ: 75).

കുടുംബ ബന്ധം ഇല്ലാതെ അനന്തരസ്വത്ത് നൽകണമെന്ന ഉപദേശം ഈ വചനത്തിന്റെ അവതരണത്തോടു കൂടി നിയമത്തിൽ നിന്നും ഒഴിവായി. പിന്നീട് അത് കുടുംബബന്ധങ്ങളിൽ മാത്രം ഒതുക്കി. എന്നാൽ പരസ്പര സ്നേഹവും സാഹോദര്യവും നിലനിർത്തുവാൻ കൽപിക്കുകയും ചെയ്തു. താഴെ പറയുന്ന രൂപത്തിലാണ് നബിﷺ സ്വഹാബിമാർക്കിടയിൽ പരസ്പര സാഹോദര്യബന്ധം ഉണ്ടാക്കിക്കൊടുത്തത്:

1) അബൂബകർ؄- ഖാരിജതുബ്നു സൈദ്؄. 2) ഉമറുബ്നുൽ ഖത്വാബ്؄- ഇത്ബാനുബ്നു മാലിക്؄. 3) അബൂഉബൈദ؄-അബൂത്വൽഹ؄. 4) അബ്ദുറഹ്മാൻ ഇബ്നു ഔഫ്؄- സഅ്ദ്ബ്നു റബീഅ്؄. 5) ജഅ്ഫർ ഇബ്നു അബീത്വാലിബ്؄-മുആദ് ഇബ്നു ജബൽ؄. 6) മിസ്അബ് ഇബ്നു ഉമൈർ؄-അബു അയ്യൂബ് അൽഅൻസ്വാരി؄. 7) സൽമാനുൽ ഫാരിസി؄ -അബുദ്ദർദാഅ്؄.

ഇങ്ങനെ 90 പേർക്ക് ഇടയിലും നബിﷺ സാഹോദര്യബന്ധം ഉണ്ടാക്കിക്കൊടുത്തു. അതിനു ശേഷം മദീനയിലേക്ക് മുഹാജിറായി ആളുകൾ വരുന്നതനുസരിച്ച് സാഹോദര്യ ബന്ധം പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്തു. പരസ്പര സ്നേഹത്തിലും അനുകമ്പയിലും ഏറ്റവും ഉത്തമ മാതൃകയായിരുന്നു ഇവരിൽ ഉണ്ടായിരുന്നത്. സത്യത്തിൽ അനുപമമായ ഒരു പുതിയ സമൂഹം തന്നെ ഉടലെടുക്കുകയായിരുന്നു അവരിലൂടെ.

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു" (അൽഫത്ഹ്: 29).

മുഹാജിറുകളെ തങ്ങളുടെ സഹോദരന്മാരായി സ്വീകരിക്കുവാനുള്ള അൻസ്വാറുകളുടെ ആവേശം കാരണത്താൽ അവർക്കിടയിൽ നറുക്കെടുക്കുന്ന അവസ്ഥപോലും ഉണ്ടായിട്ടുണ്ട്. തങ്ങളുടെ സഹോദരന്മാരായ മുഹാജിറുകളുടെ ഒറ്റപ്പെടലിന്റെ വേദനകൾ ലഘൂകരിക്കാൻ ആവശ്യമായ നിലയ്ക്ക് എന്തൊരു കാര്യവും ചെയ്തുകൊടുക്കാൻ മത്സരിച്ച് മുന്നേറുന്നവരായിരുന്നു അൻസ്വാറുകൾ. സ്വന്തം

**മക്കയിൽ നിന്ന് വന്ന മുഹാജിറുകളെ തങ്ങളുടെ സഹോദരന്മാരായി സ്വീകരിക്കുവാനുള്ള അൻസ്വാറുകളുടെ ആവേശം കാരണത്താൽ അവർക്കിടയിൽ നറുക്കെടുക്കുന്ന അവസ്ഥ പോലും ഉണ്ടായിട്ടുണ്ട്. തങ്ങളുടെ സഹോദരന്മാരായ മുഹാജിറുകളുടെ ഒറ്റപ്പെടലിന്റെ വേദനകൾ ലഘൂകരിക്കാൻ ആവശ്യമായ നിലയ്ക്ക് എന്തൊരു കാര്യവും ചെയ്തുകൊടുക്കാൻ മത്സരിച്ച് മുന്നേറുന്നവരായിരുന്നു അൻസ്വാറുകൾ. സ്വന്തം ഈത്തപ്പന തോട്ടങ്ങൾ പോലും തങ്ങളുടെ സഹോദരങ്ങളായ മുഹാജിറുകൾക്കിടയിൽ വീതിച്ചു കൊടുക്കാൻ നബിﷺയെ അൻസ്വാറുകൾ ഏൽപിക്കുകയുണ്ടായി. സ്വന്തം ആവശ്യങ്ങളെക്കാൾ വലുതായി സഹോദരന്മാരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിലായിരുന്നു അൻസ്വാറുകളുടെ താൽപര്യം.**

ഈത്തപ്പന തോട്ടങ്ങൾ പോലും തങ്ങളുടെ സഹോദരങ്ങളായ മുഹാജിറുകൾക്കിടയിൽ വീതിച്ചു കൊടുക്കാൻ നബിﷺയെ അൻസ്വാറുകൾ ഏൽപിക്കുകയുണ്ടായി. 'ഈത്തപ്പനകൾ ഞങ്ങൾക്കും ഞങ്ങളുടെ സഹോദരന്മാർക്കും ഇടയിൽ വീതിക്കൂ പ്രവാചകരേ' എന്നുപറഞ്ഞുകൊണ്ട് അൻസ്വാറുകൾ നബിﷺയെ സമീപിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി: 'വേണ്ട, അതിന്റെ പഴം മാത്രം നിങ്ങൾ ഇവർക്ക് നൽകി സഹായിച്ചാൽ മതി' (ബുഖാരി: 2325).

സ്വന്തം ആവശ്യങ്ങളെക്കാൾ വലുതായി സഹോദരന്മാരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിലായിരുന്നു അൻസ്വാറുകളുടെ താൽപര്യം:

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞുവന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (അൽഹശ്ർ: 9).

സ്വഹാബികളുടെ ഈ നിലയ്ക്കുള്ള പരസ്പര സ്നേഹവും ത്യാഗവും സമർപ്പണവും ഇഹപര വിജയത്തിന് കാരണമായി മാറി. അല്ലാഹുവിന്റെ തൃപ്തി നേടുവാനുള്ള ഒരു ഉപാധിയായും മാറി

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം"(അത്തൗബ: 100).

അനന്തരാവകാശം നൽകുന്ന നിയമം എടുത്തു കളഞ്ഞു എങ്കിലും അവർക്കിടയിൽ സാഹോദര്യം എന്നന്നേക്കുമായി നിലനിർത്തി (അൽഹുജുറാത്: 10). സത്യത്തിലും നന്മയിലും പുണ്യത്തിലും പരസ്പരം സഹായിക്കുവാനും സഹകരിക്കുവാനും അല്ലാഹു അവർക്ക് നിർദേശം നൽകി (അൽമാഇദ: 2).

ഇക്കാരണത്താൽ തന്നെ അൻസ്വാറുകൾ എന്നെന്നേക്കും ലോകത്തിനു മാതൃകയാവുകയും അവരെ സ്നേഹിക്കൽ ഈമാനിന്റെ ഭാഗമാണെന്ന് നിശ്ചയിക്കുകയും ചെയ്തു. നബിﷺ പറയുന്നു: 'അൻസ്വാറുകളോടുള്ള സ്നേഹം ഈമാനിന്റെ അടയാളമാണ്. അൻസ്വാറുകളോടുള്ള വെറുപ്പ് കാപട്യത്തിന്റെ അടയാളവുമാണ്" (ബുഖാരി: 17, മുസ്‌ലിം: 74). അനസ് ഇബ്നു മാലിക്ؓ പറയുന്നു: "നബിﷺയുടെ അടുക്കലേക്ക് അൻസ്വാരികളിൽ പെട്ട ഒരു സ്ത്രീ വന്നപ്പോൾ അവരോട് നബിﷺ പറയുകയുണ്ടായി: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം; ജനങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടം നിങ്ങളെയാണ്.' ഇത് മൂന്നു തവണ ആവർത്തിച്ചു പറഞ്ഞു" (ബുഖാരി: 3786, മുസ്‌ലിം: 2509).


അനസുബ്നു മാലിക്ؓ പറയുന്നു: "നബിﷺ ഇപ്രകാരം പറയുകയുണ്ടായി: 'അൻസ്വാറുകളുടെ വിഷയത്തിൽ ഞാൻ നിങ്ങൾക്ക് വസിയ്യത്ത് ചെയ്യുന്നു. അവർ എന്റെ സ്വന്തക്കാരും ഇഷ്ടക്കാരുമാണ്. അവരുടെ ഉത്തരവാദിത്തങ്ങൾ അവർ നിർവഹിച്ചു. ഇനി അവരോടുള്ള ബാധ്യതകളാണ് ബാക്കിയുള്ളത്. അതുകൊണ്ട് അവരുടെ നന്മകളെ നിങ്ങൾ സ്വീകരിക്കുക. അവരുടെ അബദ്ധങ്ങളെ നിങ്ങൾ വിട്ടുകളയുക" (ബുഖാരി: 3799, മുസ്‌ലിം: 2510).

അബൂഹുറയ്റؓവിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞിരിക്കുന്നു: "അൻസ്വാറുകൾ ഒരു താഴ്‌വരയിലൂടെ പ്രവേശിച്ചാൽ അൻസ്വാറുകൾ പ്രവേശിച്ച താഴ്‌വരയിലേക്ക് ഞാനും പ്രവേശിക്കും. ഹിജ്റ എന്ന് പറയുന്ന ഒന്ന് ഇല്ലായിരുന്നെങ്കിൽ ഞാൻ അൻസ്വാറുകളിൽ പെട്ട ആളാകുമായിരുന്നു" (ബുഖാരി: 3779).

ഇതാണ് അൻസ്വാറുകളുടെ മഹത്വമെങ്കിൽ മുഹാജിറുകളുടെ മഹത്വങ്ങൾ വിവരണാതീതമാണ്. ആദ്യമായി അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവരാണ് അവർ. അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി ഹിജ്റ പോയവർ. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സ്വന്തം നാട്ടിൽനിന്നും സമ്പത്തിൽനിന്നും പുറത്താക്കപ്പെട്ടവരാണ് അവർ (അത്തൗബ: 100). പരിശുദ്ധ ദീനിനെ സഹായിക്കുവാൻ വേണ്ടി ആദ്യമായി രംഗത്തിറങ്ങിയവരുമാണ് മുഹാജിറുകൾ (അൽഹശ്ർ: 8). ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം



# ലൈലതുൽ ക്വദ്റും ഇഅ്തികാഫും അജ്മലിന്റെ സംശയങ്ങളും

വേനലവധിയായതിനാൽ സ്കൂളും മദ്റസയുമില്ല. അത്കൊണ്ട് തന്നെ നോമ്പിന്റെ പകൽ സമയം കുറെ നീണ്ടതായി അജ്മലിന് തോന്നുന്നുണ്ട്. അഞ്ച് നേരവും പള്ളിയിൽ പോയി നമസ്കരിക്കുകയും പള്ളിയിൽ ക്വുർആൻ ഓതി കുറെ സമയം ചെലവഴിക്കുകയും ചെയ്യുന്നതാണ് ഒരു സമാധാനം!

വെള്ളിയാഴ്ച ഉപ്പയുടെ കൂടെ അജ്മൽ അടുത്തുള്ള പള്ളിയിൽ ജുമുഅ നമസ്കാരത്തിനായി പോയി. വീട്ടിൽ നിന്ന് വുദൂഅ് ചെയ്ത് പള്ളിയിലേക്ക് നടന്നു പോയാൽ ഓരോ കാലടിക്കും പ്രതിഫലമുണ്ടെന്ന് ഉസ്താദിൽ നിന്ന് കേട്ടതിൽ പിന്നെ വീട്ടിൽ നിന്ന് വുദൂഅ് ചെയ്തേ അജ്മൽ പള്ളിയിലേക്ക് പോകാറുള്ളൂ.

അന്ന് ലൈലതുൽ ക്വദ്റിനെക്കുറിച്ചായിരുന്നു രണ്ടാമത്തെ ഖുത്വുബ. മൗലവി വളരെ ചുരുക്കിപ്പറഞ്ഞത് അജ്മൽ ശ്രദ്ധിച്ചിരുന്ന് കേട്ടു. അവന് കൂടുതലൊന്നും മനസ്സിലായില്ല. ലൈലതുൽ ക്വദ്റിനെക്കുറിച്ച് കുറെ സംശയങ്ങൾ അവന്റെ മനസ്സിൽ ഉടലെടുത്തു. വീട്ടിലേക്ക് പോകുമ്പോൾ ഉപ്പയോട് കൂടുതൽ വിവരങ്ങൾ ചോദിച്ചറിയാം എന്ന് അവൻ തീരുമാനിച്ചു.

ജുമുഅ നമസ്കാരവും സുന്നത്ത് നമസ്കാരവും പ്രാർഥനയും കഴിഞ്ഞ് അജ്മലിന്റെ ഉപ്പ ക്വുർആൻ ഓതാൻ തുടങ്ങി. അതുപോലെ അജ്മലും ചെയ്തു. കുറച്ചു നേരം ഓതിയ ശേഷം അവർ പള്ളിയിൽ നിന്ന് പുറത്തിറങ്ങി. ഇടതുകാൽ വെച്ച് പുറത്തിറങ്ങുവാനും 'അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫദ്‌ലിക' എന്ന പള്ളിയിൽ നിന്നും പുറത്തിറങ്ങുമ്പോഴുള്ള പ്രാർഥന ചൊല്ലാനും അജ്മൽ മറന്നില്ല.

"ഉപ്പാ, എനിക്ക് ഒരു സംശയം ചോദിക്കാനുണ്ടായിരുന്നു" നടന്നു പോകവെ അജ്മൽ പറഞ്ഞു.

"ചോദിക്കു മോനേ, എന്താണ് നിന്റെ സംശയം?" ഉപ്പ അവനെ പ്രോത്സാഹിപ്പിച്ചു.

"ലൈലതുൽ ക്വദ്‌റിന് നിർണയത്തിന്റെ രാവ് എന്നാണ് അർഥമെന്ന് മൗലവി പറഞ്ഞു. അതൊന്ന് വിശദീകരിക്കാമോ?"

"ക്വദ്ർ എന്ന വാക്കിന് 'നിർണയിക്കുക,' 'കണക്കാക്കുക' 'നിലപാട്,' 'ബഹുമാനം' എന്നിങ്ങിനെയെല്ലാം അർഥമുണ്ട്. അതിനാൽ 'ലൈലതുൽ ക്വദ്ർ' എന്ന വാക്കിന് 'നിർണയത്തിന്റെ രാത്രി' എന്നും 'ബഹുമാനത്തിന്റെ രാത്രി' എന്നും അർഥം പറയാം. ഓരോ വർഷത്തിലെയും ഭക്ഷണം, ആയുസ്സ്, തീരുമാനങ്ങൾ മുതലായവ മലക്കുകൾക്ക് കാണിക്കപ്പെടുന്ന ദിനമായതു കൊണ്ടാണ് ലൈലതുൽ ക്വദ്ർ എന്ന് നാമകരണം ചെയ്യപ്പെട്ടതെന്ന് പണ്ഡിതർ പറയുന്നു. ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു എന്നും മലക്കുകളും ജിബ്‌രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും എന്നും നിനക്ക് കാണാതെ അറിയുന്ന 'ഇന്നാ അൻസൽനാഹു ഫീ ലൈലതിൽ ക്വദ്ർ' എന്ന് തുടങ്ങുന്ന ചെറിയ സൂറത്തിൽ അല്ലാഹു പറയുന്നുണ്ട്."

"വേറെയും അർഥം അതിനുണ്ട് എന്ന് മൗലവി പറഞ്ഞല്ലോ."

"കാര്യങ്ങൾ നിർണയിക്കപ്പെടുന്ന രാവ്, അല്ലാഹുവിന്റെ മഹത്തായ കാരുണ്യവും പാപമോചനവും അനുഗ്രഹങ്ങളും കൊണ്ടും വിശുദ്ധ ക്വുർആനിന്റെ അവതരണം കൊണ്ടും ആദരിക്കപ്പെട്ട രാവ്, മലക്കുകളുടെ ആധിക്യം കൊണ്ട് ഭൂതലം ഇടുങ്ങുന്ന രാവ് തുടങ്ങിയ വിശേഷണങ്ങളെല്ലാം ലൈലതുൽ ക്വദ്‌റിന് അനുയോജ്യമായി വരുന്നതാണ് മോനേ."

"ആയിരം മാസത്തെക്കാൾ പുണ്യം നിറഞ്ഞ ആ രാവ് എന്നാണ് എന്ന് പറഞ്ഞുതന്നിരുന്നെങ്കിൽഎത്ര നന്നായിരുന്നു അല്ലേ ഉപ്പാ...!" അജ്മൽ തന്റെ വലിയ ആഗ്രഹം പ്രകടിപ്പിച്ചു.

"നബിﷺക്ക് അല്ലാഹു അത് അറിയിച്ചു കൊടുത്തിരുന്നു. അക്കാര്യം സ്വഹാബിമാരെ അറിയിക്കുവാൻ നബിﷺ ഒരിക്കൽ പുറപ്പെട്ടു. അപ്പോൾ മുസ്‌ലിംകളിൽപ്പെട്ട രണ്ടുപേർ തമ്മിൽ ശണ്ഠ കൂടുന്നത് നബിﷺ കാണുകയുണ്ടായി."

"എന്നിട്ട്?"

"അതിനിടയിൽ നബിﷺ ദിവസമേത് എന്നത് മറന്നു. അല്ലാഹു മറപ്പിച്ചതാണ്. ആ വിജ്ഞാനം ഉയർത്തപ്പെട്ടു എന്നാണ് നബിﷺ പറഞ്ഞത്. ഒരു പക്ഷേ, അതു നിങ്ങൾക്ക് ഗുണകരമായിരിക്കാം എന്നും നബിﷺ പറഞ്ഞു."

"അതിൽ എന്താണ് ഗുണം ഉപ്പാ?"

"അത് അറിഞ്ഞാൽ ആ ദിവസം മാത്രം ജനങ്ങൾ ആരാധനകളിൽ മുഴുകുന്ന അവസ്ഥയുണ്ടാകും എന്നതിനാലായിരിക്കാം. അല്ലാഹുവാണ് നന്നായി അറിയുന്നവൻ."

"അപ്പോൾ പിന്നെ എല്ലാ ദിവസവും ലൈലതുൽ ക്വദ്‌റിനെ പ്രതീക്ഷിക്കണമെന്നാണോ?"

"അല്ല. നിങ്ങൾ റമദാൻ അവസാനത്തെ പത്തിൽ ഒറ്റയായ രാവുകളിൽ ലൈലതുൽ ക്വദ്‌റിനെ അന്വേഷിക്കുക എന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. റമദാനിലെ 21,23,25,27,29 രാവുകളിൽ ഏതുമാകാം. അതുകൊണ്ട് ആ രാവുകളിലെല്ലാം പ്രതീക്ഷിക്കലാണ് ഉത്തമം."

"അവസാനത്തെ പത്തിൽ ഇഅ്തികാഫിരിക്കാനും മൗലവി പറഞ്ഞല്ലോ."

"അതെ, പ്രത്യേക നിയ്യത്തോടുകൂടി പള്ളിയിൽ തന്നെ ആരാധനകളിൽ മുഴുകി കഴിയലാണ് ഇഅ്തികാഫ്. ലൈലതുൽ ക്വദ്‌റിനെ തേടിക്കൊണ്ടാണ് ഞാൻ ആദ്യത്തെ പത്തിൽ ഇഅ്തികാഫ് ഇരുന്നത്. പിന്നീട് നടുവിലെ പത്തിലും ഇരുന്നു. പിന്നീട് അത് അവസാനത്തെ പത്തിലാണെന്ന് ഞാൻ അറിയിക്കപ്പെട്ടു. അതുകൊണ്ട് ആരെങ്കിലും എന്റെ കൂടെ ഇഅ്തികാഫ് ഇഷ്ടപ്പെടുന്നുവെങ്കിൽ അവർ ഇഅ്തികാഫ് ഇരുന്നുകൊള്ളട്ടെ എന്ന് നബിﷺ പറഞ്ഞതായി കാണാം" ഉപ്പ വിശദീകരിച്ചു.

"ഇഅ്തികാഫ് ഇരിക്കുന്നവർക്ക് പള്ളിയിൽ തന്നെ കഴിച്ചുകൂട്ടണമെന്ന് പറഞ്ഞല്ലോ. വീട്ടിലേക്കും അങ്ങാടിയിലേക്കുമൊന്നും പോകാൻ പാടില്ലേ?"

"കഴിയുന്നതും പള്ളിയിൽ തന്നെ കഴിഞ്ഞുകൂടണം. അത്യാവശ്യ കാര്യങ്ങൾക്ക് പുറത്തുപോകേണ്ടിവന്നാൽ പോകാം."

ഇരുവരും വീടിനു മുന്നിലെത്തി. അജ്മൽ കോളിംഗ് ബെൽ അമർത്തി. ഉമ്മ കതക് തുറന്നു. അജ്മൽ സലാം പറഞ്ഞ് അകത്തു കയറി, കൂടെ ഉപ്പയും. താൻ കേട്ടതും മനസ്സിലാക്കിയതുമെല്ലാം ഉമ്മയോട് പറയാനുള്ള തിരക്കിലായിരുന്നു അജ്മൽ.

അലീഫ് ഷാൻ സി.എം പറവണ്ണ
mail@nerpatham.com

ലേഖനം



# കേരളത്തിലെ അറബി ഭാഷ വികാസത്തിൽ അൽബുശ്റ മാസികയുടെ സ്വാധീനം

**ഇ**രുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോട് കൂടി കേരളത്തിലെ അറബി ഭാഷ പഠന രംഗത്ത് സമൂലമായ മാറ്റങ്ങൾ ദൃശ്യമായി ത്തുടങ്ങി. പരമ്പരാഗതമായ ദർസ് പഠന സമ്പ്രദായത്തിൽ നിന്നും മാറി അറബി ഭാഷാ പഠനം പുതിയ വഴികളിലൂടെ സഞ്ചാരം തുടങ്ങിയ കാലമായിരുന്നു അത്. മുസ്‌ലിം കുട്ടികൾ വിദ്യാലയ ങ്ങളിൽ പോകുവാൻ തുടങ്ങിയതോടെ പൊതുപള്ളിക്കൂടങ്ങളിൽ അറബി ഭാഷ കയറിച്ചെന്നു.

കാലങ്ങളായി തുടർന്ന് പോന്നിരുന്ന ദർസ് രീതികൾ പുതിയ കാലത്തിന്റെ ആവശ്യം നിർവഹിക്കാനോ ലോകമെങ്ങും ശക്തി പ്പെട്ടുകൊണ്ടിരിക്കുന്ന വിജ്ഞാന വളർച്ചയുമായി സമരസപ്പെട്ടു പോവാനോ പര്യാപ്തമല്ല എന്ന തിരിച്ചറിവിൽ നിന്നാണ് പുതിയ അറബി കലാലയങ്ങൾ ഉദയം ചെയ്യുന്നത്. അവിടെ ആധുനിക അറബി ഭാഷയും സാഹിത്യങ്ങളും വർധിതമായ തോതിൽ ചർച്ച ചെയ്യപ്പെട്ടു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ആരംഭിക്കുകയും ഇരുപതാം നൂറ്റാണ്ടോടുകൂടി ശക്തിയാർജിക്കുകയും ചെയ്ത മുസ്‌ലിം നവോത്ഥാന ശ്രമങ്ങളുടെ ഭാഗമായി തന്നെയാണ് അറബി ഭാഷ പഠന രംഗത്ത് പ്രത്യക്ഷമായ ഈ പുതുപ്രവണതകളെയും വീക്ഷിക്കാനാവുക. വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവി, മക്ദി തങ്ങൾ, മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി, ഇ.മൊയ്തു മൗലവി, കെ.എം.മൗലവി സാഹിബ്, കെ.എം.സീതി സാഹിബ് തുടങ്ങിയ ധാരാളം പരിഷ്‌കർത്താക്കൾ മുസ്‌ലിം സമുദായത്തിന്റെ സമഗ്ര പരിവർത്തനത്തിന് ചുക്കാൻ പിടിച്ചു.

ഒരു വ്യാഴവട്ടക്കാലം കേരളീയ മനസ്സിൽ നിറഞ്ഞുനിന്ന കേരള മുസ്‌ലിം ഐക്യസംഘം സാമൂഹിക ഉത്ഥാന ശ്രമങ്ങളിൽ അതിവേഗം ആഞ്ഞുവീശുന്ന കാറ്റിന്റെ വേഗതയെ ഓർമിപ്പിക്കും വിധം ചടുലതയോടെയാണ് സുപ്രധാനമായ തങ്ങളുടെ ദൗത്യം നിറവേറ്റിയത്. നവോത്ഥാന നായകരുടെ പരിശ്രമഫലമായി മുസ്‌ലിം സമൂഹം പൊതുവിദ്യാഭ്യാസ പ്രക്രിയയിൽ ഭാഗഭാക്കാകുവാനും 'അറബി മലയാളത്തിൽ' നിന്നും മലയാളത്തിലേക്ക് അവരുടെ ഭാഷാവ്യവഹാരങ്ങൾ ചംക്രമണം ചെയ്യാനും തുടങ്ങി.

മുസ്‌ലിം വിദ്യാർഥികൾ പൊതുവിദ്യാലയങ്ങളിൽ ചേർന്നു തുടങ്ങിയതോടെ പൊതുവിദ്യാഭ്യാസക്രമത്തിൽ അറബി ഭാഷയും ഉൾപ്പെടുത്തണമെന്ന നിരന്തരമായ ആവശ്യമുയർന്നു. 1911ൽ ആലപ്പുഴ ലജ്‌നതുൽ മുഹമ്മദിയ്യയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ നേതൃത്വത്തിൽ ഒരു സംഘം തിരുവിതാംകൂർ രാജാവിനെ കണ്ട് അറബി ഭാഷാപഠനം സംബന്ധിച്ച് നിവേദനം നൽകി. 1913ലെ ബിഷപ്പ് കമ്മീഷൻ ശിപാർശ അനുസരിച്ച് ഇരുപത്തിയഞ്ച് മുസ്‌ലിം വിദ്യാർഥികൾ പഠിക്കുന്ന സ്‌കൂളുകളിൽ ഒരു ഖുർആൻ ടീച്ചറെ നിയമിക്കാൻ ഉത്തരവായി.

സ്‌കൂൾ പഠന സമയത്തിന് മുമ്പ് നടന്നിരുന്ന ഈ ക്ലാസുകൾ സർ സി.പി.രാമസ്വാമി അയ്യർ ദിവാനായിരിക്കെ സ്‌കൂൾ പഠന സമയത്ത് തന്നെ ക്രമീകരിക്കുകയും അധ്യാപകർക്ക് 'അറബി മുൻഷി' എന്ന പേര് നൽകുകയും ചെയ്തു. 1921ലെ കലാപം സൃഷ്ടിച്ച ഫലങ്ങൾ വിലയിരുത്തിക്കൊണ്ട് 1930ലെ ഗവർണർ സർ മുഹമ്മദ് ഉഥ്മാന്റെ നേതൃത്വത്തിലുള്ള കമ്മീഷന്റെ നിർദേശമനുസരിച്ച് മലബാറിൽ അറബിക് പണ്ഡിറ്റുമാരുടെയും റിലീജിയസ് ഇൻസ്ട്രക്ടർമാരുടെയും നിയമനം നടത്തി.

അറബിയെ രണ്ടാം ഭാഷകളിലൊന്നായി പരിഗണിച്ച് ആറാം തരം (അന്നത്തെ ഫസ്റ്റ് ഫോറം) മുതൽ അറബി ഭാഷ പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. അറബിഭാഷാ പഠനരംഗത്തെ മറ്റൊരു വഴിത്തിരിവായിരുന്നു അറബി, മത ഭൗതിക പഠനങ്ങൾ സമന്വയിപ്പിച്ച വിദ്യഭ്യാസ കേന്ദ്രങ്ങളുടെ പിറവി. സ്വാതന്ത്ര്യ സമര സേനാനിയും പണ്ഡിതനുമായ കട്ടിലശ്ശേരി മുഹമ്മദ് മൗലവി മലപ്പുറം ജില്ലയിലെ കോട്ടക്കലിനടുത്ത കരിഞ്ചാപാടിയിൽ 1914ൽ ആരംഭിച്ച 'അൽ മക്തബതുല്ലുസൂമിയ്യ' മത ഭൗതിക വിദ്യാഭ്യാസത്തെ സമന്വയിപ്പിച്ച ഒരു പാഠശാലയ്ക്ക് ഉദാഹരണമാണ്.

മലബാറിലെ സർ സയ്യിദ് എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ മുസ്‌ലിം വിദ്യഭ്യാസ രംഗത്തെ അഗ്രേസരനായ പരിഷ്‌കർത്താവ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി 1909ലാണ് വാഴക്കാട് ദർസിലെത്തുന്നത്. അറബി ഭാഷ അഭ്യസിപ്പിക്കുവാൻ പ്രത്യേകം പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കൊണ്ട് അദ്ദേഹം പരിഷ്‌കരണ ശ്രമങ്ങൾക്ക് തുടക്കമിട്ടു. അറബി ഭാഷയും ഇസ്‌ലാമിക വിജ്ഞാനീയങ്ങളും പൂർണമായ നിലയിൽ കരസ്ഥമാക്കുവാൻ പര്യപ്തമായ ഒരു നവീന പാഠ്യപദ്ധതി അദ്ദേഹം ആവിഷ്‌കരിച്ച് നടപ്പിലാക്കി. കർമശാസ്ത്രം, തഫ്‌സീർ, ഹദീഥ് എന്നിവയ്ക്ക് പുറമെ ഗണിത ശാസ്ത്രം, ഗോള ശാസ്ത്രം, മലയാള സാഹിത്യം എന്നിവയെല്ലാം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. മലയാളം, ഉർദു ഭാഷകളും ശിഷ്യരെ അഭ്യസിപ്പിക്കുവാൻ



1828ൽ മുഹമ്മദലി പാഷയുടെ മേൽനോട്ടത്തിൽ പുറത്തിറക്കിയ 'അൽ വഖാഇഉൽ മിസ്‌രിയ്യ'യുടെ പ്രഥമ ലക്കം

മൗലാന പ്രത്യേകം രീതികൾ ആവിഷ്കരിച്ചു. ഓഫീസും ഹാളും അധ്യാപകർക്കും വിദ്യാർഥികൾക്കും താമസ സൗകര്യങ്ങളും അടങ്ങുന്ന ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും തന്റെ മേൽനോട്ടത്തിൽ പണികഴിപ്പിച്ച അദ്ദേഹം ആ വിദ്യഭ്യാസ കേന്ദ്രത്തിന് ദാറുൽ ഉലൂം (വിജ്ഞാനങ്ങളുടെ ഗേഹം) എന്ന് നാമകരണം ചെയ്തു. ചാലിലകത്തിന്റെ നേതൃത്വത്തിൽ ദാറുൽ ഉലും മദ്റസ ഒരു ഉന്നത സർവകലാശാലയായി ഉയർന്നു. നൂറിലധികം വിദ്യാർഥികൾ അന്ന് ദാറുൽഉലൂമിൽ താമസിച്ച് പഠിക്കുന്നുണ്ടായിരുന്നു. വ്യത്യസ്ത ഇടങ്ങളിൽ ദർസ് നടത്തിക്കൊണ്ടിരുന്ന അധ്യാപകർ ഉൾപ്പെടെ കേരളത്തിന്റെ നാനാഭാഗത്ത് നിന്നും ഉയർന്ന മതപണ്ഡിതർ ആ മദ്റസയിലേക്ക് ആകർഷിക്കപ്പെട്ടു.

നിലനിന്നിരുന്ന ദർസ് വ്യവസ്ഥിതിയോട് കലഹിച്ച ചാലിലകത്തിന് പരിഷ്കരണങ്ങൾ ഉൾകൊള്ളാനാവാത്ത യാഥാസ്ഥിതികർ സൃഷ്ടിച്ച പ്രതിബന്ധങ്ങൾ കാരണം അഞ്ച് വർഷത്തിന് ശേഷം ദാറുൽഉലൂം വിടേണ്ടിവന്നു. പക്ഷേ, അദ്ദേഹം വിദ്യഭ്യാസ രംഗത്ത് സൃഷ്ടിച്ച അനുരണനങ്ങൾ വളരെ വലുതായിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രകടമാകുന്ന ഭാഷാ പഠന രംഗത്തെ ഈ പുത്തൻ ഉണർവുകൾ നാൽപതുകളോടെ മൂർത്തഭാവം കൈവരിക്കുന്ന അസുലഭ സൗഭാഗ്യത്തിനും കേരള മുസ്ലിം ജനത സാക്ഷ്യം വഹിക്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ഇസ്ലാമിക സർവകലാശാലയായ ഈജിപ്തിലെ ജാമിഉൽ അസ്ഹറിൽ നിന്ന് നീണ്ട പത്ത് വർഷത്തെ പഠനം പൂർത്തിയാക്കി വന്ന മൗലാന അബുസ്സബാഹ് അഹ്മദലി മൗലവി അൽഅസ്ഹറിലെ നൂതന പഠന രീതികൾ അവലംബിച്ച് ഉന്നത അറബി ഭാഷാ പഠനം ലക്ഷ്യം വെച്ച് കേരളത്തിലെ ആദ്യത്തെ അറബിക്കോളേജായ 'റൗദത്തുൽ ഉലൂം' 1942 ജനുവരിയിൽ സ്ഥാപിച്ചു. തുടർന്ന് അഞ്ച് വർഷത്തിനിടെ മൂന്ന് ഉന്നത അറബി ഭാഷാ കലാലയങ്ങൾ കൂടി സ്ഥാപിക്കപ്പെട്ടു.1943 ൽ ദാറുൽ ഉലൂം അറബിക് കോളേജ് വാഴക്കാട്ടും 1944 ൽ എൻ.വി.അബ്ദുസ്സലാം മൗലവി സുല്ലമുസ്സലാം അറബിക് കോളേജ് അരീക്കോട്ടും രണ്ട് വർഷത്തിന് ശേഷം 1946ൽ എം.സി.സി അബ്ദുറഹ്മാൻ മൗലവിയുടെ ശ്രമഫലമായി മദീനത്തുൽ ഉലൂം അറബിക് കോളേജ് പുളിക്കലിലും സ്ഥാപിക്കപ്പെട്ടു.

കേരളത്തിലെ അറബി ഭാഷാ പഠന രംഗത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ പ്രത്യക്ഷമായ രണ്ട് മാറ്റങ്ങളാണ് നമുക്ക് നിരീക്ഷിക്കാനാവുക. അതിലൊന്ന് പൊതു വിദ്യാലയങ്ങളിൽ അറബി ഭാഷാ പഠനം ആരംഭിച്ചു എന്നതാണ്. മറ്റൊന്ന് ഉന്നത ഭാഷാ പഠനവും പ്രയോഗവും ലക്ഷ്യംവെച്ചുള്ള ഉന്നത കലാലയങ്ങളുടെ ആരംഭമാണ്. ഇവ രണ്ടും കേരളത്തിലെ അറബി ഭാഷയുടെ വളർച്ചയ്ക്കും പ്രചാരത്തിനും സഹായകമായിത്തീർന്നു എന്നതിൽ സംശയമില്ല.

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അറബി ഭാഷാ സമൂഹവുമായുള്ള ബന്ധങ്ങളാണ് കേരളത്തിൽ ഉന്നത ഭാഷാ കലാലയങ്ങൾ തുടങ്ങുന്നതിന് കാരണമായി ഭവിച്ചത് എന്ന് നമുക്ക് മനസ്സിലാക്കാനാവും. അക്കാലത്ത് ഇന്ത്യയിലെ പ്രമുഖ വിദ്യഭ്യാസ സ്ഥാപനമായ വെല്ലൂർ ബാകിയാതുസ്സാലിഹാതിലെ ഉപരിപഠനം കഴിഞ്ഞു വന്നാണ് മൗലാന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും തങ്ങളുടെ വിദ്യഭ്യാസ പദ്ധതികൾ പ്രയോഗവത്കരിക്കുന്നത്. ഇവർക്ക് ശേഷം ഇവരുടെ ശിഷ്യരും മറ്റുമായി നിരവധിപേർ കേരളത്തിന് പുറത്തെ അറബി കലാലയങ്ങളിൽ ഉപരിപഠനം നടത്തിയിട്ടുണ്ട്. ഇന്ത്യക്ക് പുറത്ത് ഗൾഫ് യൂണിവേഴ്സിറ്റികളിൽ നിന്നും ഈജിപ്തിലെ പ്രമുഖ യൂണിവേഴ്സിറ്റികളായ 'ജാമിഉൽ അസ്ഹർ', 'കെയ്റോ യൂണിവേഴ്സിറ്റി' എന്നിവിടങ്ങളിൽ നിന്നും നിരവധി പേർ പഠനം കഴിഞ്ഞ് തിരിച്ചെത്തി.

കേരളത്തിലെ അറബി ഭാഷാ പഠനത്തിലുണ്ടായ ഇത്തരം മാറ്റങ്ങളുടെ തുടർച്ചയായാണ് അരീക്കോട് നിന്നും ദക്ഷിണേന്ത്യയിലെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ 'അൽ ബുശ്റ' അറബി മാസി

**ഒരു വ്യാഴവട്ടക്കാലം കേരളീയ മനസ്സിൽ നിറഞ്ഞുനിന്ന കേരള മുസ്ലിം ഐക്യസംഘം സാമൂഹിക ഉത്ഥാന ശ്രമങ്ങളിൽ അതിവേഗം ആഞ്ഞുവീശുന്ന കാറ്റിന്റെ വേഗതയെ ഓർമിപ്പിക്കും വിധം ചടുലതയോടെയാണ് സുപ്രധാനമായ തങ്ങളുടെ ദൗത്യം നിറവേറ്റിയത്. നവോത്ഥാന നായകരുടെ പരിശ്രമഫലമായി മുസ്ലിം സമൂഹം പൊതുവിദ്യാഭ്യാസ പ്രക്രിയയിൽ ഭാഗഭാക്കാകുവാനും 'അറബി മലയാളത്തിൽ' നിന്നും മലയാളത്തിലേക്ക് അവരുടെ ഭാഷാവ്യവഹാരങ്ങൾ ചംക്രമണം ചെയ്യാനും തുടങ്ങി.**


ക 1963 ൽ ആരംഭിക്കുന്നത്. കേരളത്തിലെ അറബി പത്രപ്രവർത്തന രംഗത്തെ സുപ്രധാന നാഴികക്കല്ലായിരുന്നു അത്.

പ്രമുഖ അറബിഭാഷാ പണ്ഡിതനും ദീർഘകാലം സുല്ലമുസ്സലാം അറബിക്കോളേജ് പ്രിൻസിപ്പളുമായിരുന്ന കെ.പി.മുഹമ്മദ് മൗലവിയായിരുന്നു മാസികയുടെ അമരത്തുണ്ടായിരുന്നത്. കേരളത്തിൽ നിന്നും ഒരു അറബി മാസിക ഇറക്കുക എന്ന പൂർവകാല അറബി പണ്ഡിതന്മാരുടെ ഉള്ളിൽ അലയടിച്ചിരുന്ന ആഗ്രഹം കെ.പി.മുഹമ്മദ് മൗലവിയിലൂടെ തീരം കാണുകയായിരുന്നു.

ഈജിപ്തിലെ ഫ്രഞ്ച് അധിനിവേശത്തോട് കൂടിയാണ് ലോകാടിസ്ഥാനത്തിൽ അറബ് പത്രപ്രവർത്തനം ആരംഭിക്കുന്നത്. അച്ചടി യന്ത്രവുമായി കടന്നുവന്ന പാശ്ചാത്യരാണ് ഈജിപ്തിൽ നിന്നും ആദ്യത്തെ അച്ചടി മാധ്യമം പുറത്തിറക്കിയത്. 1828 ൽ മുഹമ്മദലി പാഷയുടെ മേൽനോട്ടത്തിൽ പുറത്തിറക്കിയ 'അൽ വഖാഇഉൽ മിസ്രിയ്യ' ആണ് ആദ്യത്തെ ലക്ഷണമൊത്ത അറബി പത്രം.

1871 ഒക്ടോബറിൽ ലാഹോറിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട 'അന്നഫ്ഉൽ അദീം ലി അഹ്‌ലി ഹാദൽ ഇക്‌ലീം' എന്ന വാരികയാണ് ഇന്ത്യയിൽ നിന്ന് പ്രസിദ്ധീകരിച്ച പ്രഥമ അറബി ആനുകാലികം. പഞ്ചാബ് സർവകലാശാല രജിസ്ട്രാറുടെ മേൽനോട്ടത്തിലായിരുന്നു പത്രം പ്രസിദ്ധീകരിച്ചിരുന്നത്. കല്ലച്ചിൽ മുദ്രണം ചെയ്തിരുന്ന ഇതിൽ മത, സാഹിത്യ, സാംസ്‌കാരിക, വാർത്തകളും സാമൂഹിക പുരോഗതി ലക്ഷ്യം വെച്ച് കൊണ്ടുള്ള ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. മുസ്‌ലിം വിദ്യാഭ്യാസ പരിഷ്‌കർത്താവ് സർ സയ്യിദ് അഹ്മദ് ഖാന്റെ നിലപാടുകളെ പിന്തുണയ്ക്കുന്ന സമീപനമായിരുന്നു പത്രം സ്വീകരിച്ചിരുന്നത്.

1902ൽ ലഖ്നോവിൽ നിന്നും പുറത്തിറക്കിയ 'അൽബയാൻ,' 1923ൽ മൗലാന അബുൽ കലാം ആസാദ് കൽക്കത്തയിൽ നിന്നും പ്രസിദ്ധീകരിച്ച 'അൽ ജാമിഅ,' 1931ൽ ദാറുൽ ഉലൂം നദ്‌വതുൽ ഉലമയിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച 'അദ്ദിയാഅ്,' 1950ൽ മൗലാനാ ആസാദിന്റെ ശ്രമഫലമായി കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ കീഴിൽ പുറത്തിറക്കിയ 'സഖാഫതുൽ ഹിന്ദ്' തുടങ്ങിയവയാണ് അതിന് ശേഷം ഇന്ത്യയിൽ നിന്നും പുറത്തിറങ്ങിയ പ്രധാന ആനുകാലികങ്ങൾ. കറാച്ചിയിൽ നിന്നും അബ്ദുല്ല മുൻഇം അൽഅദവിയുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന 'അൽഅറബ്' മാസികയ്ക്കും 1955ൽ നദ്‌വതുൽ ഉലമ ലഖ്നൗവിൽ നിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'അൽ ബഅ്ഥുൽ ഇസ്‌ലാമി'ക്കും കേരളത്തിൽ വലിയ സ്വീകാര്യത ലഭിച്ചു. നിരവധി മലയാളികൾ ഈ പത്രമാസികകളിൽ ലേഖനങ്ങളെഴുതി.




കെ.എ.ടി.എഫ് ഏറ്റെടുത്തതിന് ശേഷം വളവന്നൂരിൽ നിന്ന് അച്ചടിച്ച അൽ ബുഷ്റ

1958 സെപ്തംബർ 21ന് കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് നടന്ന കേരളത്തിലെ അറബി ഭാഷാ പ്രേമികളുടെ യോഗത്തിൽ വെച്ചാണ് അറബി ഭാഷാ പ്രചാരണം ലക്ഷ്യം വെച്ച് കൊണ്ട് 'കേരള അറബി പ്രചാരസഭ' രൂപം കൊള്ളുന്നത്. ഇ.കെ.മൗലവി സാഹിബായിരുന്നു ആ യോഗത്തിന്റെ അധ്യക്ഷൻ. കെ.പി.മുഹമ്മദ് മൗലവിയെ ആ യോഗം കേരള അറബി പ്രചാരസഭയുടെ അധ്യക്ഷ സ്ഥാനം ഏൽപിച്ചു. പുളിക്കൽ മദീനതുൽ ഉലൂം അറബിക്കോളേജ് കേന്ദ്രമാക്കിയാണ് സംഘം പ്രവർത്തനങ്ങൾ തുടർന്നത്. അറബി ഭാഷാ പ്രചാരണത്തിനായി സഭ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു. പൂർണമായും അറബി ഭാഷയിൽ മാത്രം സംസാരിക്കുന്ന പൊതുയോഗങ്ങൾ സഭയുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ടു. അറബിക്കോളേജ് വിദ്യാർഥികൾക്കിടയിൽ നിരവധി മത്സര പരിപാടികൾ അറബി പ്രചാരസഭയുടെ ആഭിമുഖ്യത്തിൽ നടന്നു. കേരളത്തിലെ ആദ്യത്തെ മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്‌പെക്ടറായിരുന്ന കരുവള്ളി മുഹമ്മദ് മൗലവിയുടെ വീട്ടിൽ വിളിച്ചുചേർത്ത ഈ അറബി ഭാഷാ സ്‌നേഹികളുടെ ശ്രമഫലമായാണ് 'അൽ ബുശ്‌റ' അറബി മാസിക യാഥാർഥ്യമാവുന്നത്.

**(അവസാനിച്ചില്ല)**

സലാം സുറുമ
mail@nerpatham.com

ഓർമ

ഓർമയിലെ നോമ്പനുഭവങ്ങൾ: 1



# വെറുപ്പിന്റെ കാലത്ത് ഓർക്കാനൊരു സ്നേഹത്തിന്റെ നോമ്പുതുറ

**'മാ**ഷേ, നാളേ എന്റെ വീട്ടിലേക്ക് നോമ്പ് തുറക്കാൻ വരണം.'

അട്ടപ്പാടിയിലെ കുടിയേറ്റ കർഷകനായ ശശിയേട്ടന്റെ ആക്ഷണം ഇന്നും എന്റെ മനസ്സിൽ പച്ച പിടിച്ചു കിടക്കുന്നു.

വർഷം1998. മണ്ണാർക്കാട് എം.ഇ.എസ്. കല്ലടി കോളേജിൽ ഡിഗ്രി രണ്ടാം വർഷ പഠനം നടക്കുന്നതിനിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനത്തിലൂടെ അട്ടപ്പാടി കാരറ ഗവ. എൽ.പി.സ്കൂളിൽ അധ്യാപകനായി സേവനമനുഷ്ഠിക്കുമ്പോഴാണ് ഈ നോമ്പുതുറ ക്ഷണം ലഭിച്ചത്.

മണ്ണാർക്കാട് ആനക്കട്ടി റൂട്ടിൽ ഗൂളിക്കടവിൽ നിന്നും ഏഴ് കിലോ മീറ്റർ അകലെയുള്ള കാരറയെന്ന കുടിയേറ്റ പ്രദേശത്ത് രണ്ട് മുസ്ലിം കുടുംബം മാത്രമാണ് അന്നുള്ളത്. ജുമുഅയിൽ പങ്കെടുക്കണമെങ്കിൽ 9 കിലോമീറ്റർ അകലെയുള്ള അഗളിയിൽ എത്തണം. ബാങ്ക് വിളി കേൾക്കാൻ പോലും കൊതിച്ചു പോകും. കാരറയിൽ എത്തിയപ്പഴേ ഇപ്രാവശ്യത്തെ നോമ്പ് വലിയ പരീക്ഷണം ആയിരിക്കുമെന്ന് ബോധ്യപ്പെട്ടു.

എടത്തനാട്ടുകരയിൽ നിന്നും കാരറയിലേക്ക് മൂന്നര മണിക്കൂറിലേറെ യാത്രാദൂരം ഉണ്ട്. യാത്രാ സൗകര്യങ്ങളും കുറവ്. തിങ്കളാഴ്ച ചുരം കയറി വെള്ളിയാഴ്ച വരെ സ്കൂളിനടുത്ത് തന്നെ തന്നെ താമസിക്കുകയായിരുന്നു പതിവ്. കൂട്ടിന് മണ്ണാർക്കാട് പുല്ലുവായിൽകുന്ന് സ്വദേശിയായ പ്രധാനാധ്യാപകൻ കൃഷ്ണൻ കുട്ടി മാഷും കാരറ പോസ്റ്റോഫീസിലെ പോസ്റ്റ്മാനായ തച്ചമ്പാറ മുതുകുർശ്ശി സ്വദേശി രാമചന്ദ്രനും ഉണ്ടായിരു

ന്നു. സ്കൂളിന് മുൻപിലുള്ള വാസുവേട്ടന്റെ ചായ ക്കടയിൽ നിന്നുമാണ് അഞ്ചു നേരവും ഭക്ഷണം കഴിച്ചിരുന്നത്. ശമ്പളം കിട്ടുമ്പോൾ പറ്റു തീർത്തു കൊടുക്കും.

റമദാൻ അടുത്തു. അത്താഴവും നോമ്പ് തുറയും എല്ലാം അവതാളത്തിലാകും എന്ന പൂർണ ബോ ധ്യത്തോടെ തന്നെ നോമ്പിനെ സ്വീകരിച്ചു. നേന്ത്ര പ്പഴവും വെള്ളവും കൊണ്ട് അത്താഴം ഒപ്പിച്ചു. നോ മ്പ് തുറക്കാൻ വാസുവേട്ടന്റെ കടയിൽ നിന്നും ചാ യയും ചൂട് ബോണ്ടയും തന്നെ ശരണം. രാത്രിയിൽ കഴിക്കുന്ന കഞ്ഞിയും ചോറും അല്ലാത്ത 'ചൊറി ഞ്ഞി' എന്ന് ഞങ്ങൾ പേരിട്ട ഭക്ഷണവും കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

രണ്ട് ദിവസം തുടർച്ചയായി പകൽ സമയത്ത് ഭ ക്ഷണം കഴിക്കാൻ ചെല്ലാത്തതിന്റെ കാരണം തിര ക്കിയ വാസുവേട്ടന്റെ ഭാര്യ കൗസല്യ ചേച്ചി അ പ്പോഴാണ് നോമ്പിന്റെ കാര്യം അറിഞ്ഞത്. ഹോട്ട ലിലെ സഹായിയായ പയ്യനെ വിട്ട് എന്നെ വിളിപ്പി ച്ചു. നോമ്പിന്റെ കാര്യം മുൻകൂട്ടി പറയാത്തതിന് ചെറിയ രൂപത്തിൽ വഴക്ക് പറഞ്ഞു.

നോമ്പ് തുറക്ക് പ്രത്യേക വിഭവങ്ങൾ ഒന്നും ഉ ണ്ടാവില്ല. നല്ല ചൂടു ചായയും ബോണ്ടയും നെയ്യ പ്പവും ഉണ്ടാകും. അതു കൊണ്ട് അഡ്ജസ്റ്റ് ചെ യ്യാൻ പറ്റുമോ എന്ന് ചോദിച്ചു. രാത്രി എട്ടരക്ക് വി ളമ്പുന്ന 'ചൊറിഞ്ഞി' ഏഴര മണിയോടെ തന്നെ ത രാം എന്നും പറഞ്ഞു.

പുലർച്ചെ നാലര മണിക്ക് എണീറ്റ് എനിക്ക് മാ ത്രമായി ചൂടു ദോശയും ചട്നിയും കട്ടൻ ചായയും ഉണ്ടാക്കിത്തരാം എന്ന ഓഫർ എന്റെ മനസ്സിൽ കു ളിർ മഴ പെയ്യിച്ചു.

നോമ്പ് മൂന്നാമത്തെ പത്തിൽ എത്തിയപ്പോഴാ ണ് തറപ്പേൽ ശശിയേട്ടന്റെ നോമ്പ് തുറക്കുള്ള ക്ഷ ണം ലഭിച്ചത്. പ്രധാനാധ്യാപകൻ കൃഷ്ണൻ കുട്ടി മാസ്റ്റർ, പോസ്റ്റ്മാൻ രാമചന്ദ്രൻ, കാരറയിലെ സു ഹൃത്തുക്കളായ ബിജു, ഷാജി എന്നിവരെയും ശ ശിയേട്ടൻ നോമ്പ് തുറക്കായി ക്ഷണിച്ചിരുന്നു.

എല്ലാവർക്കുമൊപ്പം ഒന്നര കിലോ മീറ്ററോളം ന ടന്ന് ശശിയേട്ടന്റെ വീട്ടിലെത്തി. തെക്ക് ഭാഗത്ത് നി ന്നുള്ള കുടിയേറ്റ കർഷകനായ ശശിയേട്ടന്റെ വീ ടർക്ക് ഇറച്ചിയും പത്തിരിയും ഒന്നും ഉണ്ടാക്കാൻ അറിയില്ല എന്ന് ക്ഷണിക്കുന്ന സമയത്തു തന്നെ മുൻകൂർ ജാമ്യം എടുത്തിരുന്നു.

തണുത്ത പച്ചവെള്ളം, നാടൻ പേരയ്ക്ക, വാ യിൽ ഇട്ടാൽ അലിഞ്ഞു പോകുന്ന രൂപത്തിലുള്ള വെന്തുടഞ്ഞ കപ്പ, പുഴുങ്ങിയ കാച്ചിൽ (കാവത്ത്), തൊട്ടുകൂട്ടാൻ വെളിച്ചെണ്ണയൊഴിച്ച, പാകത്തിന് എ രിവുള്ള രസികൻ ഉള്ളിച്ചമ്മന്തി എന്നിവയാണ് നോ മ്പ് തുറ വിഭവങ്ങൾ. കൂട്ടിന് ആവി പറക്കുന്ന ക



ട്ടൻ കാപ്പിയും. വിഭവങ്ങൾ എല്ലാവരും ആസ്വദിച്ച് കഴിച്ചു.

എല്ലാറ്റിനും നന്ദി പറഞ്ഞ്, കൈ കൊടുത്ത് വീട്ടിൽ നിന്നിറങ്ങുമ്പാൾ ഒ രു വിശ്വാസിയെ നോമ്പ് തുറപ്പിച്ചതിൽ ശശിയേട്ടന്റെ മുഖത്ത് കണ്ട സന്തോ ഷവും സംതൃപ്തിയും ഇന്നും മന സ്സിൽ തങ്ങി നിൽക്കുന്നു.

തീൻമേശ നിറയെ വിഭവങ്ങൾ നി രന്ന ഒരുപാട് ഇഫ്താർ പാർട്ടികളിൽ പിൽക്കാലത്ത് പങ്കെടുത്തിട്ടുണ്ടെങ്കി ലും ശശിയേട്ടന്റെ ഈ നോമ്പ് തുറ യുടെ അത്രക്കൊന്നും ആസ്വാദനം വ ന്നിട്ടില്ല മറ്റൊരു നോമ്പു തുറക്കും.

ജാതിയുടെയും മതത്തിന്റെയും പേ രിൽ മനുഷ്യ സൗഹാർദത്തിന് വില കൽപിക്കാത്തവർ വളർന്നുവന്നുകൊ ണ്ടിരിക്കുന്ന വർത്തമാന കാലത്ത്, അ വനവന്റെ മതത്തിലും ജാതിയിലും പെട്ടവരോട് മാത്രം കൂട്ടുകൂടാനും ക്ര യവിക്രയങ്ങൾ നടത്താനും കോപ്പുകൂ ട്ടിക്കൊണ്ടിരിക്കുന്ന വെറുപ്പിന്റെ നെ രിപ്പോടുകൾ കത്തിച്ചുകൊണ്ടിരിക്കു ന്ന കാലത്ത് സ്വന്തം മതത്തിന്റെ ആ ദർശം മുറുകെ പിടിച്ചുകൊണ്ട് തന്നെ മറ്റുള്ളവരെ ആദരിക്കാനും സ്നേഹി ക്കാനും തയ്യാറായ സുഹൃത്തിന്റെ കു ടുംബത്തിൽ നിന്ന് ലഭിച്ച അനുഭവങ്ങ ളെ കുറിച്ചുള്ള ഓർമകൾ വല്ലാത്ത ഒ രു സന്തോഷം മനസ്സിൽ കൊണ്ടുവ രുന്നു; ഇപ്പോഴും. ●




ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

ഓർമ

ഓർമയിലെ നോമ്പനുഭവങ്ങൾ: 2

# ഒളിത്താവളങ്ങളിലെ നോമ്പുതുറ

നമ്മുടെ വീടും കുടുംബവും ഏറെ മിസ് ചെയ്യുന്ന കാലമാണ് നോമ്പ് കാലം. ജോലി, പഠന ആവശ്യാർഥം വീടും നാടും വിട്ട് താമസിക്കുന്നവർക്ക് ഇത് പെട്ടെന്ന് മനസ്സിലാവും. വ്രത കാലത്ത് രാത്രി ജോലി ചെയ്യേണ്ട കാലം മറക്കാൻ കഴിയില്ല. മൂന്ന് ജില്ലകളിലെ ജോലി, വീട്ടിൽ നിന്നകന്ന നോമ്പനുഭവങ്ങൾ നൽകിയിട്ടുണ്ട്.

വീട്ടിൽ നിന്ന് വൈകുന്നേരം ജോലിക്ക് പോകാൻ സാധിച്ചിരുന്ന ദിവസങ്ങളിൽ ഈത്തപ്പഴവും പത്തിരിയും ഇറച്ചിക്കറിയും പാർസൽ കൊണ്ടുപോകും. വാഹന പരിശോധനക്കിടയിൽ നേരം കണ്ടെത്തി വഴിയരികിൽ ഔദ്യോഗിക വാഹനത്തിലോ പുറത്തോ ഇരുന്ന് നോമ്പ് തുറക്കും. ഉള്ള ഭക്ഷണം കഴിക്കും. ഒപ്പമുള്ള സഹോദര സമുദായ സഹപ്രവർത്തകർക്ക് ഉള്ള ഭക്ഷണം പകുത്ത് നൽകുന്നത് സന്തോഷദായകമായിരുന്നു. ചായ, തിരക്കൊഴിഞ്ഞ് വഴിയോര തട്ടുകടയിൽനിന്നോ ചെറുഹോട്ടലിൽ നിന്നോ കുടിക്കും. നേരം വൈകിയിട്ടാണെങ്കിലും ഒരു ഗ്ലാസ് ചുടുചായ കുടിക്കുന്നതിന്റ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ.

താമസ സ്ഥലത്തിനടുത്ത പള്ളിയിൽ, കഴിച്ച് പരിചയമില്ലാത്ത ജീരകക്കഞ്ഞി, ചമ്മന്തി തുടങ്ങിയവ മടുക്കുമ്പോൾ, നോമ്പ് തുറക്കാൻ കൂടുതൽ മെച്ചപ്പെട്ട വിഭവങ്ങൾ ഉള്ള പള്ളി തെരഞ്ഞു പിടിച്ച് അവിടെ സ്ഥിര അതിഥിയാവുക പതിവായിരുന്നു.

നികുതി വെട്ടിപ്പ് നടത്തുന്ന വാഹനങ്ങളെ വലയിൽ വീഴ്ത്താൻ വഴിയിൽ ഒളിത്താവളങ്ങളിൽ ചില രാത്രികൾ രഹസ്യമായി കിടക്കാറുണ്ട്. രഹസ്യ വിവരം ലഭിക്കുന്ന മുറക്കും ഇത്തരം ഒളിവ് ഉണ്ടാകും. ഏറെനേരം മുമ്പ് ഒളിഞ്ഞുകിടന്ന്, യഥാസമയം പുറത്തിറങ്ങി ഇത്തരം വാഹനങ്ങൾ പിടിച്ച് നികുതിയും പിഴയും അടപ്പിക്കുകയാണ് പതിവ്. ഈ ഒളിവ് കാല അത്താഴം മറക്കാൻ കഴിയില്ല.

ഒളിവുനേരത്ത് കൈയിലുള്ള പാഥേയമായ ഏതാനും ഈത്തപ്പഴം കഴിച്ച് ഒരു കട്ടൻകാപ്പി കൂടി കിട്ടിയിരുന്നെങ്കിൽ എന്ന് അതിയായി ആഗ്രഹിച്ച കുറേ പുലരികൾ കഴിഞ്ഞു പോയിട്ടുണ്ട്. കൈയിൽ പണവും വാഹനവും ഓടിക്കാൻ ഡ്രൈവറും ഉണ്ടായിട്ടും ചൂടുള്ള ചായ പോലും കുടിക്കാൻ കിട്ടാത്തതിൽ ആത്മരോഷം തോന്നിയ നിമിഷങ്ങൾ കഴിഞ്ഞ് പോയിട്ടുണ്ട്.

ചൂടുള്ള രണ്ട് ദോശയും ഇത്തിരി ചട്ണിയും രണ്ട് മൂന്ന് ഗ്ലാസ് ചായയും കുടിക്കാനായി കിലോമീറ്ററുകൾ നടന്ന ഓർമകളും മാഞ്ഞിട്ടില്ല. വൈകുന്നേരം പാകം ചെയ്ത ഇഡ്ലി പുലർച്ചെ തണുത്ത് മരവിച്ച അവസ്ഥയിൽ കറിയുടെ അകമ്പടിയില്ലാതെ കഴിച്ച് പച്ച വെള്ളവും കുടിച്ച് കുറെ നോമ്പ് നോറ്റിട്ടുണ്ട്.

വിശപ്പിനും ദാഹത്തിനും അറുതി വരാത്ത അന്നേരം വീടിനെയും വീട്ടുകാരെയും കുറിച്ച് ഓർമ വരും. അവിടെ തീൻ മേശയിൽ നിരത്തിവെച്ച പാനീയങ്ങളും പലഹാരങ്ങളും കൊതിപ്പിക്കുന്ന കറികളും അറിയാതെ മനസ്സിൽ തെളിയാറുണ്ട്. പ്രയാസത്തിനനുസരിച്ച് നോമ്പിന്റെ പ്രതിഫലം വർധിക്കുമല്ലോയെന്ന് ആശ്വസിക്കാറാണ് പതിവ്.

കാലം ഏറെ മാറി. വൈവിധ്യമാർന്ന ഭക്ഷണങ്ങൾ മൂക്കറ്റം തിന്നുന്ന ആചാരമായി നോമ്പുതുറ മാറി. ഓരോ നോമ്പുതുറ പാർട്ടിയിലും പാഴാക്കിക്കളയുന്ന ഭക്ഷണത്തിന്റെ കണക്കെടുത്താൽ മൂക്കത്ത് വിരൽവെച്ചു പോകും. ഈ അവസ്ഥ മാറേണ്ടതുണ്ട്. മാറ്റാൻ ആരും വരാനില്ല; സ്വയം മാറാൻ തയ്യാറാവുക.




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
01 June 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

# ഹദീസ് പാഠം

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80**

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |